നം.കെഎസ്എ-കെടിഎം.പി10-1396/19 തീയതി : 12.10.2019

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ **വാകത്താനം** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.01.2019 മുതൽ 31.07.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 04.09.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

**എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | **ശ്രീ സാബു സി ജോർജ്ജ്, ഡെപ്യൂട്ടി ഡയറക്ടർ** | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 29.08.2019 മുതൽ 05.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മായ ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദുലേഖ എ | ഓഡിറ്റ് ഓഫീസർ |
| | | |

| | | |
|---|---|---|
| | ശ്രീ.രാജേഷ് എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മനു.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ഉണ്ണികൃഷ്ണൻ എം | ഓഡിറ്റർ |

**നിർവഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡൻറ് | ബിമോൾ എം വർക്കി | 01.04.2018 മുതൽ 18.12.2018 വരെ |
| | പ്രകാശ് ചന്ദ്രൻ | 19.12.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ബീമ എം | 01.04.2018 മുതൽ 28.06.2018 F.N വരെ |
| | എം ജി ബിനോയ് | 28.06.2018 A.N മുതൽ 27.07.2018 വരെ |
| | തോമസ് സെബാസ്റ്റ്യൻ | 28.07.2018 മുതൽ 12.08.2018 വരെ |
| | എം ജി ബിനോയ് | 13.08.2018 മുതൽ 27.11.2018 വരെ |
| | തോമസ് സെബാസ്റ്റ്യൻ | 28.11.2018 മുതൽ 09.12.2018 വരെ |
| | എം ജി ബിനോയ് | 10.12.2018 മുതൽ 13.12.2018 വരെ |
| | തോമസ് സെബാസ്റ്റ്യൻ | 14.12.2018 മുതൽ 31.03.2019 വരെ |

**മറ്റ് നിർവഹണോദ്യോഗസ്ഥർ**

| | | |
|---|---|---|
| കൃഷി ഓഫീസർ | ബിന്ദു റ്റി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | തോമസ് സെബാസ്റ്റ്യൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. കൃഷ്ണകുമാർ സി ജെ | 01.04.2018 മുതൽ 09.08.2018 വരെ |
| | ഡോ. കൃഷ്ണകിഷോർ | 10.08.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ. അനി റ്റി പ്രകാശം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ബീനാ എബ്രഹാം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി എച്ച് സി | ഡോ. കെ ഓമന | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| വി.ഇ.ഒ, തോട്ടക്കാട് | തോമസ് തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, വാകത്താനം | സുജിത്ത്കുമാർ എസ് വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സിന്ധു പി ജെ | 01.04.2018 മുതൽ 04.01.2019 വരെ |
| | കാർത്തിക ജെ | 05.01.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | കീർത്തി മാധവ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജയകുമാരി പി ബി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ് | പ്രീതി രാജ് | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| **ഭാഗം 1 ഓഡിറ്റ് റിപ്പോർട്ട്** | |
| 1-1 | ബജറ്റ് |
| 1-2 | ഫണ്ട് വിനിയോഗം |
| 1-3 | പദ്ധതി അവലോകനം |
| 1-4 | ആഭ്യന്തര നിയന്ത്രണം |
| 1-5 | ക്യാഷ് പരിശോധന |
| 1-6 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-7 | വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും വിശകലനവും |
| 1-8 | പഴയ വർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ ആദായ നികുതി – ഡിമാന്റ് ഡ്രാഫ്റ്റ് ആദായനികുതി വകുപ്പിലേക്ക് അയച്ചു നൽകിയില്ല |
| 1-9 | 10.07.2000 മുതലുള്ള നിക്ഷേപ തുകകൾ (എഫ് ഡി രസീത്) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല |
| | |

| | |
|---|---|
| 1-10 | വസ്തുനികുതി പരിഷ്കരണം – സഞ്ചയ ഡേറ്റാബേസിലെ അപാകതകൾ പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചില്ല |
| 1-11 | ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ അന്തിമമാക്കിയിട്ടില്ല |
| 1-12 | ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം – നിരീക്ഷണമില്ല |
| 1-13 | തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും മതിയായ ശ്രദ്ധ പുലർത്തുന്നില്ല |
| 1-14 | ബസ്സ്റ്റാന്റ് ഫീസ് പിരിവ് – ലേലവ്യവസ്ഥ അപൂർണ്ണം |
| 1-15 | ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു |
| 1-16 | സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന ലൈസൻസ് -നടപടിക്രമങ്ങളിൽ അപാകത |
| 1-17 | പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല |
| 1-18 | 3-54 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം ഫലപ്രദമായി ഉപയോഗിക്കുന്നില്ല |
| 1-19 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ധനസഹായം |
| 1-20 | ഏറ്റെടുത്ത വസ്തു പഞ്ചായത്ത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല |
| 1-21 | ശമ്പളകുടിശിക/ ക്ഷാമബത്ത കുടിശികയിൽ നിന്നും എൻപിഎസ് വിഹിതം ഈടാക്കിയില്ല |
| 1-22 | ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല |
| 1-23 | പൊതുടാപ്പുകളുടെ വെള്ളക്കരം – പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിൽ അവ്യക്തത |
| 1-24 | കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ- സേവനപുസ്തകം പരിപാലിക്കുന്നില്ല |
| 1-25 | ഗ്രാമലക്ഷ്മി മുദ്രാലയത്തിന് തുക നൽകി- രജിസ്റ്ററുകളും ഫോമുകളും പൂർണ്ണമായും ലഭിച്ചില്ല |
| 1-26 | പള്ളിക്കുന്ന് കുടിവെള്ളടാങ്ക് നവീകരണം – സെന്റേജ് ചാർജിനത്തിൽ അധികതുക അടവാക്കി |
| 1-27 | ഖരമാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ – അംഗീകാരം ലഭിച്ചിട്ടും നടപ്പാക്കിയില്ല |

| | |
|---|---|
| 1-28 | ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലെ റോഡ് പുനരുദ്ധാരണം- സർക്കാർ അനുമതി ലഭിച്ച് 3 വർഷത്തിന് ശേഷവും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചില്ല |
| 1-29 | വയോജന ഗ്രാമസഭാ സംഘാടനം – ചെലവ് രേഖകൾ ഹാജരാക്കിയില്ല |
| 1-30 | ബാലസഭ പ്രവർത്തനങ്ങൾ- വിലയിരുത്തൽ |
| 1-31 | വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകൽ- പ്രവൃത്തികൾ പൂർത്തീകരിച്ചില്ല – തുടർ നടപടി സ്വീകരിച്ചില്ല |
| 1-32 | ഇ- ടെൻഡർ- ടെൻഡർ ഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല |
| 1-33 | ജലസേചനത്തിന് പെട്ടിയും പറയും – പ്രോജക്ട് നിർവഹണത്തിൽ അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു |
| 1-34 | ഡിപ്പോസിറ്റ് ചെയ്ത മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭിച്ചില്ല |
| 1-35 | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, അനുബന്ധ സൗകര്യം- ഉപകരണങ്ങൾ മുഴുവൻ ലഭ്യമായില്ല |
| 1-36 | ആശ്രയ പദ്ധതി നടത്തിപ്പ്- അപാകതകൾ |
| 1-37 | ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകൾ |
| **ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | വ്യക്തമായ നഷ്ടം പതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ |
| **ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | പള്ളിക്കുന്ന് കുടിവെള്ളടാങ്ക് നവീകരണം – സെന്റേജ് ചാർജ്ജ് അധികതുക അടവാക്കി |
| **ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 4-6 | സ്ഥിരനിക്ഷേപങ്ങൾ |
| | |

| | |
|---|---|
| 4-7 | ഓഡിറ്റ് റിക്കവറി |
| 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2019 തീയതിയിൽ |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19വർഷത്തെ ബജറ്റ് 25-03-2018 തിയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 16001476 | 23417050 | 7415574 | |
| വരവ് | 125725423 | 79065788 | | 46659635 |
| ആകെ | 141726899 | 102482838 | | 39244061 |
| ചെലവ് | 128847433 | 75853803 | | 52993630 |
| നീക്കിയിരിപ്പ് | 12879466 | 26629035 | 13749569 | |

പ്രതീക്ഷിത വരവുചെലവ് കണക്കുകളും യഥാർത്ഥത്തിലുള്ള കണക്കുകളും തമ്മിൽ വലിയ അന്തരമാണുള്ളത്. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം

സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കേണ്ടതും മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കേണ്ടതുമാണ്.

# 1-2 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 20185185 | 20185185 | 18252827 | 1932358 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 5103000 | 5103000 | 3756016 | 1346984 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 415000 | 415000 | 311667 | 103333 |
| സംരക്ഷണഗ്രാന്റ് റോഡ് | | 0 | 6937000 | 6937000 | 6907256 | 29744 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 0 | 4211000 | 4211000 | 2720336 | 1490664 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 9378000 | 9378000 | 8889173 | 488827 |
| ഐ സി ഡി എസ് | | 518896 | 960750 | 1479646 | 145349 | 1334297 |
| ശുചിത്വ മിഷൻ | | 86280 | 200000 | 286280 | 0 | 286280 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | | 0 | 970092 | 970092 | 136800 | 833292 |
| കുടിവെള്ള സ്കീമുകൾക്കുള്ള ഗ്രാന്റ് | | 130720 | 10000 | 140720 | 0 | 140720 |
| ഖരമാലിന്യപരിപാലന ഗ്രാന്റ് | | 0 | 500000 | 500000 | 0 | 500000 |
| ജോയിന്റ് വെഞ്ച്വർ | ബ്ലോക്ക് വിഹിതം | 700000 | 2000000 | 2700000 | 2452240 | 247760**(**)** |
| | ജില്ലാ പഞ്ചായത്ത് വിഹിതം | 0 | 1236230 | 1236230 | 1133495 **(*)** | 102735**(**)** |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14026556 | 14026556 | 14026556 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 238755 | 214253 | 453008 | 449624 | 3384 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | | 96988089 | 96988089 | 7125157 | തനത് ഫണ്ട് വരവ് ചെലവ് തുകകൾ റസീപ്റ്റ്&പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ വിവിധ ഷെഡ്യൂളുകളുടെ അടിസ്ഥാനത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തനത് ഫണ്ട് ബാങ്ക് അക്കൗണ്ടുകളിൽ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | തനത് ഫണ്ട് എന്ന് വിവക്ഷിക്കാൻ കഴിയാത്ത തുകകളും ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ തനത് ഫണ്ടിന്റെ മാത്രമായ നീക്കിയിരിപ്പ് അക്കൗണ്ടുകളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കാൻ സാധിച്ചിട്ടില്ല. |
| | ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ) | 15616760 | 17070744 | 32687504 | 14017012 | 18670492 |
| ക്ഷേമപദ്ധതികൾ (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | | 0 | 160420 | 160420 | 160420 | 0 |

**(*)** പ്രോജക്ട് നം.12/18-19-ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) ൽ തനത് ഫണ്ട് 2577 രൂപ ചെലവഴിച്ചത് തെറ്റായി ജില്ലാ പഞ്ചായത്ത് വിഹിതമായാണ് ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിലെ ചെലവിന് ചെലവ് പത്രികയുമായി 2577 രൂപയുടെ വ്യത്യാസമുണ്ട്.

**(*) (*)** പ്രോജക്ട് നം.12/18-19-ലൈഫ് ഭവന നിർമ്മാണ പദ്ധതി(ജനറൽ) ലെ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവായ 23,495 രൂപ തെറ്റായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ശീർഷകത്തിലാണ് (320700204) സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയത്. ആയതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പുമായി 23,495 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് വാർഷിക കണക്കിലെ അപാകതയായി ഖണ്ഡിക 1-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**സഞ്ചിത നിധിയിലേക്ക് എടുക്കപ്പെട്ട 5391910 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു**

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിച്ചതിന്റെ ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20185185 | 18252827 | 90 | 1932358 |
| വികസനഫണ്ട് എസ്.സി.പി. | 5103000 | 3756016 | 74 | 1346984 |
| വികസനഫണ്ട് | 415000 | 311667 | 75 | 103333 |

| | | | | |
|---|---|---|---|---|
| ടി.എസ്.പി. | | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 6937000 | 6907256 | 99 | 29744 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4211000 | 2720336 | 64 | 1490664 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9378000 | 8889173 | 94 | 488827 |
| ആകെ | | | | 5391910 |

വിവിധയിനം ഫണ്ടുകളുടെ വിനിയോഗം കാര്യക്ഷമമാക്കി പദ്ധതി നിർവ്വഹണം 28.02.2019 നുള്ളിൽ പൂർത്തിയാക്കുന്നതിനും പദ്ധതി നിർവ്വഹണത്തിൽ നേരിടുന്ന പ്രയാസങ്ങൾ അതാത് സമയം റിപ്പോർട്ട് ചെയ്യുന്നതിനും നിർവ്വഹണോദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ സമിതി കാര്യക്ഷമമായി തുടർനടപടികൾ കൈക്കൊള്ളാത്തതിനാൽ സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കാൻ കഴിയാതെ പഞ്ചായത്തിന് പദ്ധതി ഫണ്ടിൽ നഷ്ടം വരാനിടവന്നു. പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള തടസ്സം എന്തായിരുന്നെന്നും ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച ക്രമീകരണങ്ങൾ സംബന്ധിച്ച് വിശദീകരണവും ഓഡിറ്റിന് ലഭ്യമായില്ല. സ്പിൽ ഓവർ പ്രോജക്ടുകൾക്കാവശ്യമായ ക്യാരി ഓവർ വിഹിതം സർക്കാരിൽ നിന്നും ലഭിക്കാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട തുക ഗ്രാമപഞ്ചായത്തിന് ആത്യന്തികമായി നഷ്ടമായി. ഇത്തരം അപരിഹാര്യമായ നഷ്ടം ഒഴിവാക്കേണ്ടതാണ്.

# 1-3 പദ്ധതി അവലോകനം

13ാം പഞ്ചവത്സര പദ്ധതിയിലെ രണ്ടാം വാർഷികപദ്ധതി തയാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29.01.2018ലെ സർക്കാർ ഉത്തരവ് (കൈ) 11/2018 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു. ടി ഉത്തരവിലെ നിർദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 14 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ 07.03.2018 ന് ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ്റിപ്പോർട്ട്) പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തയാറാക്കിയ കരട് പ്രോജക്ടുകൾ 05.05.18 മുതൽ 10.05.2018 വരെ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 17.05.18 ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തതായി കാണുന്നു.

| | |
|---|---|
| ഊരുകൂട്ടം | 14.06.2018 |
| ~~വികലാംഗ ഗ്രാമസഭ~~ | ~~09.03.2018~~ |
| വയോജന ഗ്രാമസഭ | 14.08.2018 |

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയാറാക്കൽ മാർഗനിർദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ, പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.03.2018ലെ 1-ാം നമ്പർ തീരുമാനപ്രകാരം 2018-19 വാർഷിക പദ്ധതിക്ക് അംഗീകാരം നല്കി.

ഈ വാർഷിക പദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാര നം./തീയതി 490/18-/DPC/DPO/KTM തീയതി 23.03.18

ആകെ 170 പ്രോജക്ടുകൾ നടപ്പിലാക്കി. അംഗീകാരം ലഭിച്ച 80 പ്രോജക്ടുകൾ ഉപേക്ഷിച്ചു. 60 ശതമാനമായിരുന്ന ചെലവ് (ആറ് പ്രോജക്ടുകൾ റിവിഷൻ സമയത്ത് ഒഴിവാക്കിയിട്ടുണ്ട്, എട്ട് പ്രോജക്ടുകൾ ക്യൂ-ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.)

<u>നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും</u>

അംഗീകാരം ലഭിച്ച 250 പദ്ധതികളുടെ നിർവ്വഹണത്തിന് താഴെ പ്രതിപാദിക്കും പ്രകാരം 13 നിർവ്വഹണോദ്യോഗസ്ഥരെ ചുമതലപ്പെടുത്തി.

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതികളുടെ എണ്ണം | നിർവ്വഹിച്ച പദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 7 | 6 | 2816605 | 2354400 | 83.4 |
| 2. | വെറ്ററിനറി സർജൻ | 8 | 8 | 2671000 | 1243485 | 46.5 |
| 3. | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി. | 1 | 1 | 200000 | 199981 | 98 |
| 4. | എൽ.വി.ഇ.ഒ. (തോട്ടയ്ക്കാട്) | 11 | 3 | 21405680 | 14565295 | 68.04 |
| 5. | മെഡിക്കൽ | 1 | 1 | 350000 | 350000 | 100 |

| | | | | | | |
|---|---|---|---|---|---|---|
| | ഓഫീസർ – ആയുർവേദം | | | | | |
| 6 | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 4 | 4 | 5752828 | 4689565 | 81.5 |
| 7 | സെക്രട്ടറി | 27 | 14 | 18101398 | 7187388 | 39 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 167 | 111 | 36057855 | 21149548 | 58.6 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 13 | 13 | 2429207 | 1637102 | 67.3 |
| 10 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1000000 | 1000000 | 100 |
| 11 | മെഡിക്കൽ ഓഫീസർ – ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| 12 | വി.ഇ.ഒ. (വാകത്താനം) | 5 | 4 | 6680000 | 4826540 | 72 |
| 13 | ഹെഡ്മാസ്റ്റർ | 2 | 1 | 100000 | 50000 | 50 |
| | ആകെ | 250 | 170 | 97664573 | 59353304 | 60.7 |

ജി.ഒ (കൈ) 11/2018/ തസ്വഭവ തിയ്യതി 29.01.2018 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം കാർഷിക മേഖലയിലെ പദ്ധതികൾ ഹരിതകേരള മിഷൻ, തൊഴിലുറപ്പ് പദ്ധതി എന്നിവയുമായി യോജിച്ചുള്ളവയായിരിക്കണം. ഹരിത കേരളം മിഷന്റെ ലക്ഷ്യമായ ജൈവ കൃഷിയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം, തരിശുഭൂമി കൃഷി, കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ എന്നിവ പ്രോൽസാഹിപ്പിച്ച് നിശ്ചിത കാലയളവിനുള്ളിൽ കാർഷിക മേഖല സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കത്തക്ക വിധമുള്ള പദ്ധതികൾ കാർഷിക മേഖലയിൽ നടപ്പിലാക്കിയിട്ടില്ല. വിത്തുകൾ, വളങ്ങൾ, തൈകൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം നീർത്തട പരിപാലനം. വനവൽക്കരണം എന്നിവയുമായി പ്രോജക്ടുകൾ സംയോജിപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശങ്ങൾ പാലിച്ച് ഒരു പദ്ധതി പോലും രൂപീകരിച്ച് നടപ്പാക്കിയിട്ടില്ല. ഇത്തരം പദ്ധതി നിർദ്ദേശങ്ങളൊന്നും സ്റ്റാന്റിംഗ് കമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ മുന്നോട്ടു വച്ചിട്ടുമില്ല.

ഗ്രാമപഞ്ചായത്തിൽ അലോപ്പതി, ആയുർവ്വേദം, ഹോമിയോ ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ മേഖലയിൽ മരുന്നു വാങ്ങൽ, പാലിയേറ്റീവ് പരിചരണ പദ്ധതി, രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നീ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്ത്

തൻവർഷം നടപ്പിലാക്കി. ആരോഗ്യ പരിപാലന രംഗത്തും ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്ക് ശക്തിപ്പെടുത്തുകയെന്നത് ആർദ്രം പദ്ധതിയുടെ ലക്ഷ്യമാണ്. എന്നാൽ ആർദ്രം പദ്ധതിയുടെ സമീപനവുമായി യോജിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ പ്രസ്തുത സ്ഥാപനങ്ങളിൽ പഞ്ചായത്ത് ആരംഭിച്ചിട്ടില്ല. ഭരണസമിതിയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്.

**ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികളില്ല**

ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ യോഗത്തിലെ നിർദ്ദേശങ്ങൾ പദ്ധതികളായി മാറിയെങ്കിലും അവയൊന്നും നടപ്പാക്കിയില്ല. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 മുതൽ 2018-19 വരെയുള്ള വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കാലയളവിൽ ഈ മേഖലയിൽ പദ്ധതികളൊന്നും ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ലെന്നത് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ 20-ാം വാർഡിലുള്ള വനിതാ വ്യവസായ യൂണിറ്റ് കേന്ദ്രീകരിച്ച് ചെറുകിട വ്യവസായ മേഖലയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

പശ്ചാത്തല മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമ്പോൾ പഞ്ചായത്തിന്റെ ചുമതലാ നിർവ്വഹണത്തിന് മുൻതൂക്കം നൽകേണ്ടതാണ്. തയ്യാറാക്കിയ 167 പ്രവൃത്തികളിൽ 90% പ്രവൃത്തികളും റോഡ് വികസനത്തിനായുള്ളതാണ്. പദ്ധതി വിഹിതം വാർഡ് തലത്തിൽ വിഭജിച്ച് ചെറിയ ചെയിനേജുകളിൽ കൃത്യമായ കണക്കിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുകയാണുണ്ടായത്. ഇത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ നിർദ്ദേശത്തിലുണ്ടായിരുന്ന ഒരു നിർമ്മാണ പ്രോജക്ട് പോലും ഓഡിറ്റുവർഷം നടപ്പാക്കിയില്ല. പതിനാറ് അംഗൻവാടികൾ അറ്റകുറ്റപ്പണി നടത്തുന്നതിന് തുക വകയിരുത്തിയിരുന്നെങ്കിലും 3 അംഗൻവാടികൾ മാത്രമെ ഓഡിറ്റ് വർഷം അറ്റകുറ്റപ്പണി നടത്തിയിട്ടുള്ളൂ.

പ്രോജക്ടുകളുടെ ആസൂത്രണത്തിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പിന്റെ (കർമ്മസേന) നേതൃത്വത്തിൽ ഏറ്റവും പുതിയ സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടുത്തി സ്റ്റാറ്റസ് റിപ്പോർട്ട് പുതുക്കേണ്ടതും ആയതിനനുസരിച്ച് പ്രോജക്ടുകൾ ആസൂത്രണം ചെയ്യേണ്ടതും ഇപ്രകാരം നടപ്പാക്കുന്ന പ്രോജക്ടുകൾ പദ്ധതി നടത്തിപ്പു വേളയിലും അന്തിമഘട്ടത്തിലും വിശദമായി വിലയിരുത്തേണ്ടതുമാണ്. പ്രോജക്ടുകളുടെ രൂപീകരണത്തിലും നിർവഹണത്തിലും സർക്കാർ മാർഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി ഉൾക്കൊണ്ട സമീപനം സ്റ്റാന്റിംഗ് കമ്മറ്റികളുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 1-4 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിൽ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിട്ടുണ്ട്. ചെലവുകളുടെ നിയമാനുസാരത പ്രാഥമികമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കുമാരെയും അക്കൗണ്ടന്റിനെയും ഓഫീസ് ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈൗടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വസ്തു നികുതിയുടെ പിരിവ് പുരോഗതി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി/പഞ്ചായത്ത് കമ്മറ്റി കൃത്യമായി നിരീക്ഷിച്ച് വരുന്നു. ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾക്ക് കാരണമായ വിവിധ വിഷയങ്ങളിലെ നിയന്ത്രണ സംവിധാനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

<u>ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള പഞ്ചായത്ത് തീരുമാനം</u>

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. കൂടാതെ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-5 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29-08-2019 ൽ 3.17 പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 96,210/രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.08.2019 | 07/19 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.11.2013-28.11.2013 | 2008-09 - 2012-13 | LBA(HQ)11/08 A-2037/32, 04.02.2014 |

## 1-7 വാർഷിക ധനകാര്യപത്രികയുടെ പരിശോധനയും വിശകലനവും

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 137861870 രൂപയും ചെലവ് 136175237രൂപയും തൻവർഷ പ്രവർത്തന മിച്ചം 1686633രൂപയുമാണ്. 31.03.2019-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 64430730 രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 31526359.05രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 32904370.95 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ ഓഡിറ്റ് വേളയിലും നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു.

1. ജി.ഒ. (എം.എസ്) 152/11/തസ്വഭവ / 26.07.2011 പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിംഗും പൂർത്തിയാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2019-ലെ പഞ്ചായത്ത് ജനറൽ ഫണ്ട് കൃത്യമല്ല.
3. വാർഷിക കണക്കുകൾ പ്രകാരമുള്ള വസ്തുനികുതിയിനത്തിലെ വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ പ്രകാരമുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
4. വാർഷിക കണക്കുകൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലെ ഡിമാന്റ്, കളക്ഷൻ തുകകൾ പൊരുത്തപ്പെടുന്നില്ല. കൂടാതെ വാർഷിക കണക്കുകൾ പ്രകാരമുള്ള കളക്ഷൻ തുക രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയുമായും പൊരുത്തപ്പെടുന്നില്ല.
5. ലേലം വരവിനത്തിൽ രജിസ്റ്റർ പ്രകാരമുള്ള 1600/- രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.
6. മറ്റ് വരവുകൾക്കായി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ $I_4$ (b) പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.
7. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
8. ലൈഫ് മിഷൻ ജില്ലാപഞ്ചായത്ത് വിഹിതം 23495 രൂപ തെറ്റായി ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിന്റെ ശീർഷകത്തിൽ(320700204) ചെലവ് രേഖപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള

ജില്ലാപഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നിവയുടെ നീക്കിയിരിപ്പ് തെറ്റാണ്.

# 1-8 പഴയവർഷങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് ഈടാക്കിയ ആദായ നികുതി -ഡിമാന്റ് ഡ്രാഫ്റ്റ് ആദായ നികുതി വകുപ്പിലേക്ക് അയച്ചു നൽകിയില്ല

2004-05 സാമ്പത്തികവർഷം ആദായനികുതി ഇനത്തിൽ അടവാക്കേണ്ടിയിരുന്ന 25,015/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (നം. 411244/തീയതി. 10.03.2006), ഗ്രാമപഞ്ചായത്തിന്റെ ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ളതായി ഭൗതിക പരിശോധനയിൽ കണ്ടു. ആദായനികുതി ഓഫീസറുടെ പേരിൽ എസ്.ബി.റ്റി കറുകച്ചാൽ ശാഖയിൽ നിന്നും മാറിയ ഡിമാന്റ് ഡ്രാഫ്റ്റാണ് ഇപ്രകാരം സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക നാളിതുവരെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. ചുവടെ ചേർത്തിട്ടുള്ള പട്ടിക പ്രകാരമുള്ള തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റാണ് ആദായനികുതി വകുപ്പിലേക്ക് അയച്ചുനൽകാതെ ചെസ്റ്റിൽ സൂക്ഷിച്ചിട്ടുള്ളത്.

| ക്രമ നം. | ഉത്തരവ് നം./ തീയതി | മരാമത്ത് പ്രവൃത്തി/പദ്ധതി നം. | വാണിജ്യ നികുതി തുക | എ.എസ്.ടി തുക | KCWWF തുക | ആദായനികുതി തുക |
|---|---|---|---|---|---|---|
| 1. | A3-89/05 31.03.2005 | പാലച്ചുവട് - പത്തിരിക്കൽ പാടം റോഡ് (SO085/05) | 2193/- | 329/- | 392/- | 979/- |
| 2. | A3-89/05 31.03.2005 | ആലപ്പാട്ട്മുക്ക് - താന്നിക്കവല റോഡ് (SO088/05) | 2186/- | 328/- | 390/- | 976/- |
| 3. | A3-89/05 31.03.2005 | ചക്കുങ്കൽപ്പടി - വേർക്കമൂട്ടിൽപ്പടി റോഡ് (SO080/05) | 1997/- | 305/- | 357/- | 892/- |
| 4. | A3-89/05 24.05.2005 | നരിമറ്റം - വെച്ചൂലി റോഡ് (SO081/05) | 4906/- | -- | 392/- | 981/- |

| | | | | | | |
|---|---|---|---|---|---|---|
| 5. | A3-89/05<br>24.05.2005 | എൽ.പി.എസ് ഉണ്ണാമറ്റം മെയിന്റനൻസ്<br>(SO0102/05) | 621/- | -- | 50/- | -- |
| 6. | A3-89/05<br>25.05.2005 | ഓഫീസ് & കോൺഫറൻസ് ഹാൾ മെയിന്റനൻസ്<br>(SO099/05) | 12490/- | -- | 3123/- | 7806/- |
| 7. | A3-89/05<br>21.06.2005 | പി.എച്ച് സെന്റർ വികസനം<br>(SO098/05) | 21411/- | -- | 5352/- | 13381/- |
| | | ആകെ | 45,804/- | 962/- | 100,56/- | 25,015/- |

ടി തുക നാളിതുവരെ ആദായ നികുതി വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക് വരുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/02.09.2019), ടി 25,015/- രൂപ വാർഷിക ധനകാര്യ പത്രികയിൽ ബാധ്യത ശീർഷകത്തിൽ നിലനിൽക്കുന്നില്ലെന്നും, ആയതിനാൽ ആദായ നികുതി വകുപ്പിന്റെ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തുന്നതിന് കഴിയുന്നതല്ലെന്നും, വർഷങ്ങൾക്ക് മുൻപുള്ള തുകയായതിനാൽ ആദായ നികുതിയിനത്തിൽ റിട്ടേൺ ഫയൽ ചെയ്യുന്നതിന് സാങ്കേതികമായി കഴിയുന്നതല്ലെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഡിമാന്റ് ഡ്രാഫ്റ്റ് ഉൾപ്പെടെയുള്ള രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച വ്യവസ്ഥ ചുവടെ ചേർക്കുന്നു.

"As per, the Kerala Finacial Code, Chapter XIII, Article 333, Sub section 2 (V),

in all offices, a register of valuable documents in the prescribed form should be maintained and the receipts and disposals noted therein with the initials of a responsible officer. The documents should be preserved in safes or other receptacles intended to keep valuables coming into the possession of the officers concerned."

പ്രസ്തുത തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ്, മേൽ സൂചിപ്പിച്ചിട്ടുള്ള ചട്ടപ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി പരിപാലിച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടന്ന കാലയളവിൽ, വർക്ക് ബില്ലിൽ നിന്നും

ആദായ നികുതി തുക കുറവ് ചെയ്ത് ഡിമാന്റ് ഡ്രാഫ്റ്റാക്കിയ ഉദ്യോഗസ്ഥന്റെ പേരും, മേൽവിലാസവും, ഔദ്യോഗിക മേൽവിലാസവും ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 22/04.09.2019), മറുപടി ലഭ്യമാക്കിയിട്ടില്ല.
സ്രോതസ്സിൽ കിഴിവ് ചെയ്ത ആദായനികുതി യഥാസമയം ഒടുക്ക് വരുത്താത്തത് സംബന്ധിച്ച് താഴെപ്പറയുന്ന വ്യവസ്ഥകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

“The relevent sections of the Indian Income Tax Act. 1961, may be noted. As per section 221, when an assessee is in default or is deemed to be in default in arrears and the amount of interest payable under sub section (2) of section 220, be liable, by way of penalty, to pay such amount as the assessing officer may direct and in the case of a continuing default, such further amount or amounts as the assessing officer may, from time to time, direct, so, however, that the total amount of penalty does not exceed the amount of tax in arrears. Provided that before levying any such penalty, the assessee shall be given a reasonable opportunity of being herard. Provided further that, where the assessee proves to the satisfaction of the assessing officer that the default was for good and sufficient reasons no penalty shall be leveid under this section.”

മേൽ സാഹചര്യത്തിലും നിയമവ്യവസ്ഥകളുടെ ലംഘനം ഉണ്ടായിട്ടുള്ളതിനാലും പ്രസ്തുത തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റ്, റീവാലിഡേറ്റ് ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച്, ബന്ധപ്പെട്ട ബാങ്ക് ശാഖയുമായി തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്. വാകത്താനം ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ടിട്ടുള്ള ഇൻകം ടാക്സ് സർക്കിളിലെ ബന്ധപ്പെട്ട ആദായ നികുതി കാര്യാലയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതും, കേന്ദ്ര സർക്കാരിലേയ്ക്ക് അർഹമായ നികുതിപ്പണം ഒടുക്ക് വരുത്തുന്നതിനുള്ള സമയബന്ധിതമായ നടപടി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്. ഈ വിഷയത്തിൽ ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. കാലപ്പഴക്കം മൂലം ഡിമാന്റ് ഡ്രാഫ്റ്റ് റീവാലിഡേറ്റ് ചെയ്യുന്നതിന് സാങ്കേതികമായി കഴിയാതെ വന്നാൽ പ്രസ്തുത കാലയളവിലെ ഉൾപ്പെടെയുള്ള വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ഈടാക്കേണ്ടതും ആദായ നികുതി നിയമം അനുശാസിക്കുന്ന വിധം ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ഒടുക്ക് വരുത്തേണ്ടതും, രേഖാമൂലം വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

## 1-9 10.07.2000 മുതലുള്ള നിക്ഷേപ തുകകൾ (എഫ് ഡി രസീത്) പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

| ക്രമ നം. | ഇ.എം.ഡി നം. & തിയതി | നൽകിയ വ്യക്തി/ സ്ഥാപനം | ബാങ്ക്/ട്രഷറി | തുക (രൂപ) | പ്ലഡ്ജ് ചെയ്ത തിയതി |
|---|---|---|---|---|---|
| 1. | നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് നം. 19EE187587 | ഷിബു.പി.ഐയ്യ് പൂവത്തുംമൂട്ടിൽ പുത്തൻചന്ത വാകത്താനം | പോസ്റ്റ് ഓഫീസ് / നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് | 10,000/- | 10.07.2000 |
| 2. | കിസാൻ വികാസ് പത്ര നം. 32BB995481 | ഷിബു.പി.ഐയ്യ് പൂവത്തുംമൂട്ടിൽ പുത്തൻചന്ത വാകത്താനം | കിസാൻ വികാസ് പത്ര | 5,000/- | 03.07.2003 |
| 3. | കിസാൻ വികാസ് പത്ര നം. 33BB148778 | ഷിബു.പി.ഐയ്യ് പൂവത്തുംമൂട്ടിൽ പുത്തൻചന്ത വാകത്താനം | കിസാൻ വികാസ് പത്ര | 5,000/- | 04.08.2004 |
| 4. | ഫിക്സഡ് ഡിപ്പോസിറ്റ് റസീപ്റ്റ് എഫ്.ഡി.ആർ നം. 1040/ 03.11.2008 | പി.ബി.രാജീവ് കാവുംകണ്ടത്തിൽ വെട്ടിപ്പുറം പത്തനംതിട്ട | പരിയാരം സർവീസ് കോപ്പറേറ്റിവ് ബാങ്ക് ലി നം. 391 പരിയാരം ഇലന്തൂർ പത്തനംതിട്ട | 25,000/- | 03.11.2008 |
| | | | ആകെ തുക | 45,000/- | |

2018-19 ഓഡിറ്റിന്റെ ഭാഗമായി 29.08.2019-ൽ പഞ്ചായത്ത് സീനിയർ ക്ലർക് / അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ കാഷ് ചെസ്റ്റ് തുറന്ന് പരിശോധിച്ചു. പരിശോധനയിൽ സെക്രട്ടറിയുടെ പേരിൽ പ്ലഡ്ജ് ചെയ്ത സ്ഥിരനിക്ഷേപ (FD) രസീതുകൾ കണ്ടെത്തി. പഞ്ചായത്ത് കണക്കുകളിലോ രജിസ്റ്ററുകളിലോ വിശദാംശങ്ങളില്ലാത്ത സ്ഥിരനിക്ഷേപങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിനുള്ള (നം.11/01.09.2019) മറുപടിക്കൊപ്പം സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയ രേഖകൾ പ്രകാരം 04 സ്ഥിരനിക്ഷേപങ്ങളുടെ മൂല്യമായ 45,000/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ അവശേഷിക്കുന്നു.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം-1 അനുച്ഛേദം-282 പ്രകാരം തിരികെ അവകാശപ്പെടാത്ത 03 സാമ്പത്തിക വർഷം കഴിഞ്ഞ റവന്യൂ ഡെപോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. പ്രസ്തുത പട്ടിക പ്രകാരം അർഹമായ സ്ഥിരനിക്ഷേപങ്ങളുടെ മൂല്യം, അതിൻമേലുള്ള ഭരണപരമായതും നിയമാനുസൃതമായതുമായ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് ചേർക്കേണ്ടതാണ്. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയ നിക്ഷേപങ്ങളുടെ വിശദാംശം അവ അടവാക്കിയ രസീതുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെയുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 1-10 വസ്തുനികുതി പരിഷ്കരണം- സഞ്ചയ ഡേറ്റാബേസിലെ അപാകതകൾ പൂർണ്ണമായി പരിഹരിക്കുവാൻ സാധിച്ചില്ല

സഞ്ചയ ഡേറ്റാബേസിലെ അപാകതകൾ വിശദമായി പരിശോധിച്ച് ആയവ പരിഹരിച്ച് ഡേറ്റാബേസ് ശുദ്ധീകരിച്ച് അന്തിമമാക്കുന്നത് സംബന്ധിച്ച മാർഗനിർദേശം 23.01.2018ലെ സി 3-6865/11 സർക്കുലർ പ്രകാരം പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ സഞ്ചയ ഡേറ്റാബേസിന്റെ ശുദ്ധീകരണ പുരോഗതി പരിശോധിച്ചതിൽ ഡേറ്റാബേസിൽ ആകെയുള്ള 11902 കെട്ടിടങ്ങളിൽ 11754 എണ്ണത്തിന്റെ ശുദ്ധീകരണമാണ് പൂർത്തിയായിട്ടുള്ളത്. ഡേറ്റാബേസിന്റെ ശുദ്ധീകരണം പൂർത്തിയാക്കാത്തതിന്റെ കാരണം വിശദീകരിക്കുവാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23) ഡേറ്റാ പ്യൂരിഫിക്കേഷനിലെ ചില സാങ്കേതിക തടസ്സങ്ങൾ കാരണമാണ് പ്യൂരിഫിക്കേഷൻ പൂർത്തിയാക്കുവാൻ സാധിക്കാതിരുന്നതെന്നും കണ്ടെത്തിയ തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഐകെഎം-ന് പരാതി നൽകിയിട്ടുണ്ടെന്നും മറുപടി നൽകി. 11754 കെട്ടിടങ്ങളുടെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഡാറ്റാ ശുദ്ധീകരണം പൂർത്തിയായിട്ടുണ്ടെന്നുള്ള കണക്കാക്കലിന്റെ വസ്തുതാപരമായ കൃത്യതയും ഉറപ്പാക്കാനായിട്ടില്ല. സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് ഡേറ്റാബേസ് ശുദ്ധീകരണം പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

# 1-11 ഭേദഗതി വിജ്ഞാപനത്തിന്റെയടിസ്ഥാനത്തിൽ വസ്തുനികുതി നിരക്കുകൾ അന്തിമമാക്കിയിട്ടില്ല

24.02.2015 ലെ സ.ഉ(അച്ചടി) നം.36/2015/തസ്വഭവ പ്രകാരം ഓരോ ഇനം

കെട്ടിടങ്ങൾക്കും ബാധകമായ ഏറ്റവും കൂടിയതും കുറഞ്ഞതുമായ വസ്തുനികുതി നിരക്കുകളിൽ കൂടുതൽ ഉൾപ്പെടുത്തലുകൾ വരുത്തിക്കൊണ്ട് 14.01.2011 ലെ സ.ഉ(അ)19/2011/ത.സ്വ.ഭ.വ ഉത്തരവ് ഭേദഗതി ചെയ്തിരുന്നു. ഭേദഗതി ഉത്തരവ് പ്രകാരമുള്ള വിവിധയിനം കെട്ടിടങ്ങൾക്ക് സർക്കാർ വിജ്ഞാപനം ചെയ്തിരുന്ന ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളുടെ പരിധിക്ക് വിധേയമായി ചുവടെ ചേർക്കും പ്രകാരം വസ്തുനികുതി നിരക്കുകൾ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിച്ചിരുന്നു (05.05.2015 ലെ തീരുമാനം നമ്പർ 3).

| കെട്ടിടത്തിന്റെ തരം | നിരക്ക് |
|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 |
| വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന ആഡിറ്റോറിയം, ക്യാന്റീൻ | 5 |
| 2006 ലെ എം എസ് എം ഇ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 20 |
| ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 |

എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1),4(2) എന്നിവയുടെ അടിസ്ഥാനത്തിൽ പ്രസ്തുത നിരക്കുകൾ ചട്ടത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം വ്യാപകമായ പ്രചാരം നൽകി ആക്ഷേപങ്ങൾ സ്വീകരിച്ച് അന്തിമമാക്കി വിജ്ഞാപനം ചെയ്തിട്ടില്ല. ചട്ടത്തിലെ നിർദേശ പ്രകാരം നിരക്കുകൾ വിജ്ഞാപനം ചെയ്ത് അന്തിമമാക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# 1-12 ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിനു ശേഷം കെട്ടിടനിർമ്മാണം നടത്തുന്നുണ്ടോയെന്നത് പരിശോധിക്കുന്നില്ല. കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം തന്നെയാണ് ഭൂവികസന പെർമിറ്റും അനുവദിക്കുന്നത്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12(7) പ്രകാരം ഭൂനിരപ്പ് വരെ മണ്ണ് നീക്കം ചെയ്ത ശേഷം ബാക്കി പണികൾക്ക് വേണ്ടി തൻവർഷം ഭൂവികസന പെർമിറ്റ് എടുത്ത ആരും തന്നെ അപേക്ഷിക്കുകയോ ഉപ ചട്ടം 8 പ്രകാരം, തുടർ പണികൾക്കായി അനുബന്ധം C-1 മുഖേന സെക്രട്ടറി അനുമതി നൽകുകയോ ചെയ്തിട്ടില്ല. 2015-16 സാമ്പത്തിക വർഷം മുതൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ നിർമ്മിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി

നിർണ്ണയം നടത്തിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (04/05.09.2019 നമ്പർ ഓഡിറ്റ് റിക്വസിഷന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ)

| സാമ്പത്തിക വർഷം | അനുവദിച്ച ഭൂവികസന പെർമിറ്റുകളുടെ എണ്ണം | ഭൂവികസന പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ചതിന്റെ എണ്ണം |
|---|---|---|
| 2015-16 | 9 | 1(2 എണ്ണത്തിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്) |
| 2016-17 | 22 | 9 |
| 2017-18 | 10 | 2 |
| 2018-19 | 42 | 1 |
| ആകെ | 79 | 13 |

കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ വളരെ കുറവ് പ്ലോട്ടുകളിൽ മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളതെന്ന് പട്ടികയിൽ നിന്നും വ്യക്തമാണ്. ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണ് നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും മേൽ പട്ടിക പ്രകാരം വസ്തുനികുതി നിർണ്ണയം നാളിതുവരെ നടത്തിയിട്ടില്ലാത്ത പ്ലോട്ടുകളിൽ പരിശോധന നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

# 1-13 തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഇടാക്കുന്നതിലും മതിയായ ശ്രദ്ധ പുലർത്തുന്നില്ല

പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകളിൽ ഒന്നായ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും മതിയായ ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല. പഞ്ചായത്ത് പരിധിയിലുള്ളതും നികുതി ഈടാക്കാൻ അർഹതയുള്ളതുമായ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ നികുതി വിധേയരായ മുഴുവൻ ജീവനക്കാരിൽ നിന്നും നികുതി ഡിമാന്റ് ചെയ്ത്

ഈടാക്കിയിട്ടുണ്ട് എന്ന് ഉറപ്പിക്കാൻ കഴിയുന്നില്ല. ഓഡിറ്റിന് ലഭ്യമാക്കിയ നികുതി നിർണ്ണയരജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തൻവർഷം നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ | | |
| 1 | കുളത്തുങ്കൽ ഫിനാൻസിയേഴ്സ് | രണ്ട് അർദ്ധവർഷങ്ങളിലും അടവാക്കിയിട്ടില്ല |
| 2 | സൗത്ത് ഇൻഡ്യൻ ഫിനാൻസ് | രണ്ട് അർദ്ധവർഷങ്ങളിലും അടവാക്കിയിട്ടില്ല |
| രണ്ടാം അർദ്ധ വർഷം നികുതി അടവാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ | | |
| 1 | മാവേലി മെഡിക്കൽ സ്റ്റോർ | ആദ്യ അർദ്ധവർഷം 750/- രൂപ അടവുണ്ട് |
| സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്ത സ്ഥാപനങ്ങൾ | | |
| 1 | മാവേലി സ്റ്റോർ | രണ്ടാം അർദ്ധവർഷം അടവാക്കിയില്ല |
| 2 | എസ്.ബി.റ്റി, തോട്ടക്കാട് | രണ്ടാം അർദ്ധവർഷം അടവാക്കിയില്ല |

നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം നികുതി ഈടാക്കുവാനവശേഷിക്കുന്ന സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് അന്വേഷണകുറിപ്പായി നല്കിയതിന് (നം. 05/1.9.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അന്വേഷണക്കുറിപ്പിന്റെ അടിസ്ഥാനത്തിൽ ചില സ്ഥാപനങ്ങൾ നികുതി അടവാക്കുകയും ബാക്കി സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈടാക്കാൻ അവശേഷിക്കുന്ന സ്ഥാപനങ്ങളുടെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-14 ബസ് സ്റ്റാന്റ് ഫീസ് പിരിവ് -ലേലവ്യവസ്ഥ അപൂർണ്ണം

2018-19 വർഷം ബസ് സ്റ്റാന്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്ത് നല്കുകയും സലീം സി കെ എന്നയാൾ 54500/-രൂപയ്ക്ക് ലേലം കൊള്ളുകയും ചെയ്തിട്ടുണ്ട്. 1995ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹനസ്റ്റാന്റുകൾ) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം ലേലം കൊള്ളുന്ന ആൾ പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് മാത്രം രസീത് നല്കി വാഹനങ്ങളിൽ നിന്നും ഈടാക്കാവുന്നതാണ്. എന്നാൽ ലേലവ്യവസ്ഥയിൽ ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ച് നല്കിയിട്ടുള്ളതായി കാണുന്നില്ല. ഫീസ് പിരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥനോ, കരാറുകാരനോ ഫീസ് പിരിക്കുന്നതിന് രസീത് നല്കണമെന്ന് ചട്ടത്തിൽ വ്യവസ്ഥ ഉള്ളതിനാൽ നിശ്ചിത എണ്ണം രസീത് തുക അച്ചടിച്ചത് പഞ്ചായത്തിൽ നിന്നും

വിതരണം ചെയ്യേണ്ടതും ഇതുപയോഗിച്ച് പിരിവ് അവകാശം ലേലം കൊണ്ടയാൾ പിരിവ് നടത്തേണ്ടതുമാണ്. നിലവിൽ കരാറുകാരൻ ഈടാക്കുന്ന തുക സംബന്ധിച്ചോ, രസീത് നല്കുന്നത് സംബന്ധിച്ചോ, സ്റ്റാന്റിൽ കയറി ഇറങ്ങുന്ന വാഹനങ്ങളുടെ എണ്ണം സംബന്ധിച്ചോ പഞ്ചായത്തിൽ വിവരം ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസിന്റെയും ബസ്സ്റ്റാന്റിൽ കയറിയിറങ്ങുന്ന ബസുകളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിൽ കരാറുകാരന് ലഭിക്കാവുന്ന ഏകദേശ വരുമാനം കണക്കാക്കാവുന്നതാണ്. ഇതിൽ നിന്നും ന്യായമായ ലാഭത്തിനുള്ള വിഹിതം ഒഴിവാക്കി ലേലത്തിന്റെ അടിസ്ഥാന തുക നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. അപാകതയിലുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കാലാകാലങ്ങളായി ഈ രീതിയിലാണ് ലേലം നടന്നു വരുന്നതെന്നും തുടർ വർഷങ്ങളിൽ ചട്ട പ്രകാരം ലേലം നടത്തുന്നതാണെന്നും മറുപടി നല്കിയിട്ടുണ്ട്. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും പഞ്ചായത്തിന് നഷ്ടം വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-15 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നു

ദീർഘകാലമായി ഇടപാടുകളില്ലാത്ത രണ്ട് ബാങ്ക് അക്കൗണ്ടുകൾ പഞ്ചായത്ത് നിലനിർത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ടിന്റെ വിവരം | ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക (02.09.2019 തീയതിയിൽ) | റിമാർക്സ് |
|---|---|---|---|
| 1 | 4730- വാകത്താനം സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.4246 | 1,47,827 | എം എൻ ലക്ഷം വീട് പദ്ധതിക്ക് വേണ്ടിയുള്ള അക്കൗണ്ട്- 06.06.2012 ന് ശേഷം പലിശ മാത്രമാണ് വരവ്. |
| 2 | 40614101014268- കേരള ഗ്രാമീൺ ബാങ്ക് | 8653 | 01.02.2017 ന് ശേഷം പലിശ മാത്രമാണ് വരവ്. |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) എം എൻ ലക്ഷം വീട് പദ്ധതി നിലവിൽ ഉണ്ടായിരുന്ന കാലയളവിൽ ഏതാനും ചില ഗുണഭോക്താക്കൾക്ക് ബാക്കി നൽകാനുണ്ടായിരുന്ന തുകയായിരുന്നുവെന്നും എന്നാൽ ഇവർ ഭവനനിന്ർമ്മാണം

പൂർത്തിയാക്കി പഞ്ചായത്തിനെ സമീപിക്കാത്തതിനാലാണ് ബാക്കി തുക നൽകാതിരുന്നതെന്നും സർക്കാർ അനുമതിക്ക് വിധേയമായി പ്രസ്തുത തുക മറ്റ് ഭവന പദ്ധതിക്ക് വിനിയോഗിക്കുന്നതാണെന്നും മറുപടി നൽകി. കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുക പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുവാൻ ലഭിച്ചതാണെന്നും ഇവ പൂർത്തിയാക്കിയിരുന്നതാണന്നും മറുപടി നൽകി. പരാമർശിത തുകകൾ സർക്കാർ അനുമതിയോടുകൂടി പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയോ അനുമതി ലഭിച്ചില്ലായെങ്കിൽ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് തിരികെ നൽകുകയോ ചെയ്യേണ്ടതാണ്.

## 1-16 സ്ഥാപനങ്ങൾക്കുള്ള പ്രവർത്തന ലൈസൻസ് - നടപടിക്രമങ്ങളിൽ അപാകത

സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, അനുബന്ധ ചട്ടങ്ങൾ എന്നിവയിൽ 31-10-2017 ലെ 80/2017 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്തിയത് സംബന്ധിച്ചും ലൈസൻസ് ഇഷ്യൂ ചെയ്യുന്നത് സംബന്ധിച്ചും നടത്തിയ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട വിവരം ചുവടെ ചേർക്കുന്നു.

സ്ഥാപനങ്ങളുടെ വിറ്റ് വരവ് കണക്കാക്കി ഫീസീടാക്കുന്നത് ഒഴിവാക്കി മൂലധനച്ചെലവിന്റെ അടിസ്ഥാനത്തിൽ ഫീസീടാക്കുന്നതാണ് പ്രധാന ഭേദഗതി. പരിഷ്കരിച്ച നിരക്കുകൾ പ്രാവർത്തികമാക്കിയിട്ടുണ്ടെങ്കിലും മൂലധനച്ചെലവ് നിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സംബന്ധിച്ച അവ്യക്തത നിലനിൽക്കുന്നു. ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകളിൽ പുതുക്കിയ നിരക്ക് ഈടാക്കിയിട്ടുണ്ടെങ്കിലും വൻസ്ഥാപനങ്ങളുടെ പോലും മൂലധനച്ചെലവ് നിർണ്ണയിക്കപ്പെട്ടതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ ഈടാക്കിയിട്ടുള്ള ഫീസ് ചട്ടത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ ആണെന്ന് ഉറപ്പിക്കാൻ കഴിഞ്ഞിട്ടില്ല.

ഭേദഗതി പ്രകാരം അപേക്ഷ സമർപ്പിച്ചാൽ 30 ദിവസത്തിനുള്ളിൽ തീരുമാനം എടുക്കേണ്ടതുണ്ട്. കൂടാതെ എല്ലാ രേഖകളും ഹാജരാക്കുകയും ഫീസ് അടവാക്കുകയും ചെയ്തിട്ടുള്ള സംഗതികളിൽ 7 ദിവസത്തിനകം ലൈസൻസ് ഇഷ്യൂ ചെയ്യേണ്ടതുണ്ട്. എന്നാൽ ഓഡിറ്റിൽ പരിശോധിച്ച മിക്ക അപേക്ഷകളിലും ലൈസൻസ് ഇഷ്യൂ ചെയ്യുന്നതിന് 2 മാസത്തിൽ കൂടുതൽ സമയം എടുത്തിട്ടുള്ളതായി കാണുന്നു.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2017-18 ൽ 387 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തപ്പോൾ 2018-19 ൽ 354 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടുണ്ട്. അന്വേഷണക്കുറിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിഹരിച്ച അപാകതകൾ ഒഴിവാക്കിയുള്ള വിവരങ്ങളാണ് പരാമർശിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-17 പ്രത്യേക ആവശ്യത്തിന് ലഭിച്ച ഫണ്ടുകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

പ്രത്യേക ആവശ്യത്തിന് വിവിധ ഏജൻസികളിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാതെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24) പ്രസ്തുത തുകകൾ അവയുടെ നിർദിഷ്ട ആവശ്യത്തിന് തൻവർഷം വിനിയോഗിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | വിവരണം | തുക | റിമാർക്സ് |
|---|---|---|---|---|
| 1. | 320100115 | സമ്പൂർണ്ണ ശുചിത്വ യജ്ഞം | 833292 | സ്വച്ഛ് ഭാരത് മിഷന് ഇൻസെന്റീവ് (പെർഫോമൻസ്) ഇനത്തിൽ ലഭിച്ച തുക വകയിരുത്തി തൻവർഷം പദ്ധതി ഏറ്റെടുത്തിട്ടുണ്ട്. |
| 2. | 320100121 | അനുപൂരക പോഷകാഹാര പരിപാടി | 1334297 | അനുപൂരക പോഷകാഹാര പദ്ധതിക്കായി തൻവർഷം വകയിരുത്തി ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു |
| 3. | 320200317 | കുടിവെള്ള പദ്ധതികൾക്കുള്ള ഗ്രാന്റ് | 140720 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണത്തിന് ലഭിച്ച തുകയിൽ 130720 രൂപ ചെലവഴിച്ചു. ബാക്കി 10000 രൂപ തൻവർഷം ചെലവഴിക്കും |
| 4. | 320200319 | ഖരമാലിന്യ പരിപാലനത്തിനുള്ള ഗ്രാന്റ് | 500000 | ഖരമാലിന്യ പരിപാലനത്തിനുള്ള പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. തൻവർഷം ചെലവഴിക്കും. |
| 5. | 320200322 | ശുചിത്വ മിഷൻ | 286280 | മഴക്കാലപൂർവ്വ ശുചീകരണത്തിനു |

| | | | | |
|---|---|---|---|---|
| | | ഗ്രാന്റ് | | ലഭിച്ച തുക. 200000 രൂപ ചെലവഴിച്ച ബാക്കി തൻ വർഷം ചെലവഴിക്കും |
| 6. | 320200399 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ട് | 2600 | വിമുക്തി പദ്ധതിക്കായി എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കുവാൻ ബാക്കിയുള്ള തുക. |
| 7. | 320300199 | പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റ് | 190484 | എം. എൻ ലക്ഷംവീട് പദ്ധതി നീക്കിയിരിപ്പ്, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് പ്രോജക്ട് ബാക്കി തുക എന്നിവയാണ്. ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റിന് തൻവർഷം പ്രോജക്ട് ഉണ്ട്. എം എൻ ലക്ഷംവീട് നീക്കിയിരിപ്പ് സർക്കാർ അനുമതിക്ക് വിധേയമായി ചെലവഴിക്കും. |

പ്രസ്തുത തുകകൾ അനുവദിക്കപ്പെട്ട ആവശ്യത്തിനു വിനിയോഗിക്കുകയും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 1-18 3.54 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച കെട്ടിടം -ഫലപ്രദമായി ഉപയോഗിക്കുന്നില്ല

2017-18 ൽ ആവിഷ്കരിച്ച് 2018-19 ൽ പൂർത്തീകരിച്ച ഉദിക്കൽ അങ്കണവാടി മെയിന്റനൻസ് എന്ന പ്രോജക്ട് (നമ്പർ 249/19) പ്രകാരം 4ലക്ഷം രൂപ അടങ്കലിൽ (മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്) നിലവിലുള്ള കെട്ടിടത്തിന് മുകളിലായി മുറി നിർമ്മിക്കുകയും ഗ്രാമസഭാ പ്രവർത്തനത്തിന് ഉപയോഗിക്കുകയുമായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 353623/- രൂപ ചെലവിൽ പ്രവൃത്തി 10-8-2018 ൽ പൂർത്തീകരിച്ചെങ്കിലും നാളിതു വരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നു മാത്രമല്ല ഉപേക്ഷിക്കപ്പെട്ട നിലയിലുമാണ്. അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ കെട്ടിടം പരിശോധിച്ചതിൽ മുകൾ നിലയിലേക്ക് കയറുന്നതിന് നിർമ്മിച്ചിട്ടുള്ള ഗോവണിക്കിടയിൽ കാട്ട്ചെടികൾ വളർന്ന് പ്രവേശനം തടസ്സപ്പെട്ട നിലയിലായിരുന്നു. പ്രാദേശികമായി അന്വേഷിച്ചതിൽ അങ്കണവാടിയുടെ പുകക്കുഴൽ മുകളിലെ ഹാളിലേക്ക് തുറന്നതും ഹാളിൽ യാതൊരുവിധ പ്രവർത്തനങ്ങളും നടത്താൻ കഴിയാത്ത സ്ഥിതിയിലാണെന്നും അറിയുന്നു. ഭരണസമിതി വിഷയത്തിൽ ഫലപ്രദമായി ഇടപെടേണ്ടതും അപാകതകൾ പരിഹരിച്ച് പ്രോജക്ട് ലക്ഷ്യം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.



# 1-19 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് ധനസഹായം

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യവാർഷിക പദ്ധതിയിൽ, ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ലൈബ്രറികളുടെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ച ശേഷം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള മറ്റ് ലൈബ്രറികളുടെ വികസന പ്രവർത്തനമേറ്റെടുക്കുന്ന പ്രോജക്ടുകൾ പരിഗണിക്കുന്നതിന് അനുമതിയുണ്ടെങ്കിലും, തുടർന്നുള്ള പദ്ധതികളിൽ ഇത് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 14-ാം വാർഡിൽ കാരക്കാട്ട് കുന്ന് എന്ന സ്ഥലത്തുള്ള ലൈബ്രറി പൂർണ്ണമായും ജീർണ്ണാവസ്ഥയിലാണ്. കെട്ടിടം ചോർന്നൊലിക്കുന്നതും ഭിത്തി മേൽക്കൂര എന്നിവ പൊട്ടിപ്പൊളിഞ്ഞതും ആണ്. ഈ കെട്ടിടത്തിന്റെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തിയതിന് ശേഷം മാത്രം മറ്റ് ലൈബ്രറികളുടെ വികസനം ഏറ്റെടുക്കുന്നത് പരിഗണിക്കാമെന്നിരിക്കെ 2017-18 വർഷം പ്രോജക്ട് തയ്യാറാക്കി 2018-19 ൽ പ്രോഗ്രസ്സീവ് ലൈബ്രറിക്ക് 243932/-രൂപ ചെലവിൽ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹണം നടത്തിയിട്ടുണ്ട്. (പ്രോജക്ട് നം. 250/19)



അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പ്രോഗ്രസ്സീവ് ലൈബ്രറിക്ക് വേണ്ടി നടത്തിയ മരാമത്ത് പണികൾ പരിശോധിച്ചു. മൂന്ന് നിലയിലായി തീർത്തിട്ടുള്ള കെട്ടിടത്തിൽ ഗ്രൗണ്ട് ഫ്ലോർ വാണിജ്യാവശ്യങ്ങൾക്ക് വാടകക്ക് നല്കിയിട്ടുള്ളതും ഒന്നാം നില ലൈബ്രറി പ്രവർത്തിക്കുന്നതും രണ്ടാം നില വാടകയ്ക്ക് നല്കുന്ന ഹാൾ ഉൾപ്പെട്ടതുമാണ്. പഞ്ചായത്തിൽ നിന്നും അനുവദിച്ച (തനത് ഫണ്ട്) 243932/- രൂപ ഉപയോഗിച്ച് 3 നിലകളിലുമായി ടോയ്ലറ്റ് നിർമ്മാണം ടൈൽ ഫ്ലോറിംഗ്, പെയിന്റിംഗ് എന്നിവയാണ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിന്റെ സാംസ്കാരിക/ വിദ്യാഭ്യാസപരമായ ആവശ്യങ്ങൾക്ക് ഉപകരിക്കുന്നത് എന്ന നിലയിലാണ് ലൈബ്രറികളുടെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് തദ്ദേശ സ്വയംഭരണ




സ്ഥാപനങ്ങൾക്ക് അനുമതി നല്കിയിട്ടുള്ളത്. എന്നാൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വാണിജ്യാവശ്യങ്ങൾക്ക് ഉള്ള കെട്ടിടങ്ങൾക്ക് ഭൗതികസാഹചര്യങ്ങൾ ഒരുക്കുന്നത് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്. വികസനഫണ്ടിന്റെ ക്രമപ്രകാരമല്ലാത്ത വിനിയോഗത്തിന്മേൽ വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 ഏറ്റെടുത്ത വസ്തു പഞ്ചായത്ത് ഫലപ്രദമായി ഉപയോഗിക്കുന്നില്ല

വാകത്താനം പഞ്ചായത്തിൽ ടാക്സി സ്റ്റാന്റ് സ്ഥാപിക്കുന്നതിന് വേണ്ടി 18.70 ആർ വസ്തു അക്വയർ ചെയ്യുകയും 3-5-2010 ൽ പഞ്ചായത്തിന് റവന്യൂ വകുപ്പ് വസ്തു കൈമാറുകയും ചെയ്തിട്ടുണ്ട്. 40 ലക്ഷം രൂപ ഇതിനോടകം മുടക്കിയ വസ്തുവിൻ മേൽ വ്യവഹാര (വസ്തുമൂല്യം സംബന്ധമായ) നടപടികൾ തുടരുകയാണ്. എന്നാൽ ഇതിനോടകം വന്നിട്ടുള്ള കോടതി വിധികളിൽ പഞ്ചായത്ത് താല്പര്യമനുസരിച്ച് കെട്ടിടം പണിയുന്നതിനോ ടാക്സി സ്റ്റാന്റ് നിർമ്മിക്കുന്നതിനോ തടസ്സമുള്ളതായി കാണുന്നില്ല. വസ്തു ഏറ്റെടുക്കുന്നതിന് ഇനിയും വൻ തുക ചെലവഴിക്കേണ്ട സാഹചര്യമാണുള്ളതെന്ന് ഫയൽ പരിശോധിച്ചത് പ്രകാരം വ്യക്തമാകുന്നു. കെട്ടിടം നിർമ്മാണത്തിന് ലഭിച്ച സർക്കാർ സഹായം 1 കോടി രൂപ ലാപ്സായി. അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത വസ്തുവിന് പഞ്ചായത്ത് നിലവിൽ സംരക്ഷണം ഒരുക്കിയിട്ടില്ല.

1995 ലെ കേ.പ.രാജ് (ഇറക്കുസ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ പ്രകാരം വണ്ടിത്താവളങ്ങൾ ഏർപ്പെടുത്തുമ്പോൾ ഫീസടക്കമുള്ള വിവരങ്ങൾ പ്രസിദ്ധം ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ആവശ്യത്തിന് ഏറ്റെടുത്ത സ്ഥലം 10 വർഷമായി പ്രയോജനപ്പെടുത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. നിലവിൽ നിരവധി വാഹനങ്ങൾ പാർക്ക് ചെയ്യുന്നുണ്ടെങ്കിലും (രേഖകൾ പ്രകാരം 2010 ൽ ടാക്സി സ്റ്റാന്റ് ഉദ്ഘാടനം നടത്തിയിരുന്നു) മതിയായ സൗകര്യങ്ങൾ ഒരുക്കുകയോ നിയമാനുസൃതമുള്ള ഫീസ് ഈടാക്കുകയോ ചെയ്യുന്നില്ല. പഞ്ചായത്ത് ലക്ഷങ്ങൾ ചെലവഴിച്ച് വാങ്ങിയ സ്ഥലത്ത് പഞ്ചായത്തിന്റേതല്ലാത്ത നിലയിൽ ടാക്സി സ്റ്റാന്റ് എന്ന ബോർഡ് സ്ഥാപിക്കുകയും അന്യവാഹനങ്ങളുടെ പാർക്കിംഗ് തടയുകയും ചെയ്തിട്ടുണ്ട്. വണ്ടിത്താവളങ്ങൾ ഒരുക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണെങ്കിലും പ്രസ്തുത ചുമതല ഗ്രാമപഞ്ചായത്തിന്റെ ഭൂആസ്തിയിന്മേലുള്ള പൂർണ്ണ നിയന്ത്രണത്തോടും ന്യായമായ വരുമാനം ഉറപ്പ് വരുത്തിയും നിർവഹിക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന്റെ ഭൂആസ്തിയുടെ

നിയന്ത്രണം കൈവിട്ട് പോകുന്ന സാഹചര്യം കർശനമായി ഒഴിവാക്കേണ്ടതാണ്. ഭരണസമിതി വിഷയം പരിശോധിക്കേണ്ടതും പഞ്ചായത്ത് ഉടമസ്ഥതയിൽ ടാക്സി സ്റ്റാന്റ് ആരംഭിച്ച് ഫീസീടാക്കേണ്ടതും അനധികൃത കൈയ്യേറ്റം (ബോർഡ് സ്ഥാപിക്കൽ ഉൾപ്പെടെ) ഒഴിപ്പിച്ച് ഏറ്റെടുത്ത ഭൂമിക്ക് സംരക്ഷണം ഒരുക്കേണ്ടതുമാണ്.




## 1-21 ശമ്പളക്കുടിശിക/ക്ഷാമബത്ത കുടിശികയിൽ നിന്നും എൻപിഎസ് വിഹിതം ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം നൽകിയ ശമ്പളക്കുടിശിക/ക്ഷാമബത്ത കുടിശിക തുകകളിൽ നിന്നും പങ്കാളിത്തപെൻഷൻ പദ്ധതിയിലുൾപ്പെട്ട ജീവനക്കാരുടെ ആനുപാതിക പെൻഷൻ തുകയായ 10% തുകയും പഞ്ചായത്ത് വിഹിതമായ 10% തുകയും കണക്കാക്കി എൻപിഎസ് അക്കൗണ്ടിൽ അടവുവരുത്തേണ്ടിയിരുന്നു. എൻപിഎസ് വിഹിതം ഒടുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 25) മറുപടിയായി പ്രസ്തുത ജീവനക്കാരുടെ കുടിശിക തുകകളിൽനിന്നും എൻ.പി.എസ് വിഹിതം ഈടാക്കിയിരുന്നില്ലായെന്ന് അറിയിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ പങ്കാളിത്ത പെൻഷനിലുൾപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് തൻവർഷം ശമ്പളക്കുടിശികയിനത്തിലും ക്ഷാമബത്ത കുടിശികയിനത്തിലും നൽകിയ തുകകളുടെയും അതിൽ നിന്നും ഈടാക്കേണ്ടിയിരുന്ന തുകകളുടെയും ഗ്രാമപഞ്ചായത്ത് അടവാക്കേണ്ടിയിരുന്ന തുകകളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരുടെ പേരും തസ്തികയും | പേറിവിഷൻ/ഡിഎ അരിയർ | ജീവനക്കാരുടെ എൻപിഎസ് വിഹിതം | പഞ്ചായത്ത് അടവാക്കേണ്ട എൻപിഎസ് വിഹിതം |
|---|---|---|---|---|
| 1 | ശ്രീമതി മഞ്ജുഷ മോഹനൻ ക്ലാർക്ക് | 14104+4761+2460=21325 | 2132 | 2132 |
| 2 | രഞ്ജു രാമചന്ദ്രൻ | 2780(DA) | 278 | 278 |

| | | | | |
|---|---|---|---|---|
| | ക്ലർക്ക് | | | |
| 3 | ഫാത്തിമ.ജെ.എസ് ക്ലർക്ക് | 1373 | 137 | 137 |
| 4 | ഫിലിപ് കെ.എസ് ക്ലർക്ക് | 2736 | 274 | 274 |
| 5 | അക്സ മരിയ ബഞ്ചമിൻ ക്ലർക്ക് | 1685 | 169 | 169 |

ക്രമനം 2 മുതൽ 5വരെയുള്ള ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശിക നൽകിയതിന്റെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ടി ജീവനക്കാരുടെ കുടിശിക തുകയിൽ നിന്നും എൻപിഎസ് വിഹിതം ഈടാക്കി അറിയിക്കേണ്ടതും മേൽപറഞ്ഞ ജീവനക്കാരുടെ എൻപിഎസ് വിഹിതവും ഗ്രാമപഞ്ചായത്ത് വിഹിതവും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-22 ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് വിവിധ കമ്മറ്റിയോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതിൽ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ലായെന്ന് കാണുന്നു. ഉദാഹരണമായി താഴെ കൊടുത്തിരിക്കുന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങളിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കാണുന്നു.

| ക്രമനം | കമ്മറ്റി തീരുമാനത്തിന്റെ വിശദാംശങ്ങൾ | വിഷയം |
|---|---|---|
| 1 | 18-5-18 ലെ 28(1) നം തീരുമാനം | സർവ്വേ നം 83/5-2 ൽ പെട്ട 1.22 ആർ സ്ഥലം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച തീരുമാനം |
| 2 | 1-8-18 ലെ 8(1)നം തീരുമാനം | സ്കൂൾ നവീകരണത്തിന്റെ ഭാഗമായി നീക്കം ചെയ്ത ഓടുകൾ ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. |
| 3 | 31-8-18ലെ11(1) നം തീരുമാനം | അഡാട്ട് മാതൃകയിൽ തെരുവിവിളക്ക് മെയിന്റനൻസ് നടത്തുന്ന-ഗ്രാമപഞ്ചായത്ത് ഇലക്ട്രീഷ്യൻമാർക്ക് പോസ്റ്റ് |

| | | |
|---|---|---|
| | | ഒന്നിന് 100/-രൂപ നിരക്കിൽ അധികവേതനം നൽകുന്നതിന് കോ-ഓർഡിനേഷൻ കമ്മറ്റിയുടെ അനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനം |
| 4 | 30-11-18ലെ10(1) നം തീരുമാനം | കാടമുറി നരസിംഹസ്വാമി ക്ഷേത്രക്കുളം പുനരുദ്ധാരണം-ബാലൻസ് തുകയായ 4,15,526/- രൂപയുടെ വിനിയോഗം സംബന്ധിച്ച തീരുമാനം– ക്ഷേത്രക്കുളത്തിന്റെ മതിലുകളുടെ ഉയരം കൂട്ടുന്നതിന് തീരുമാനിച്ചു. |
| 5 | 07-12-18ലെ15(1) നം തീരുമാനം | കാരയ്ക്കാട്ടുകുന്ന് ലൈബ്രറി- പത്രം ലേലം ചെയ്യുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ലേലനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. |
| 6 | 19-1-19ലെ5(1) നം തീരുമാനം | ഗ്രാമപഞ്ചായത്തിന് ഭൂമി വിട്ടുനൽകിയ ശ്രീ.നാരായണൻ നമ്പൂതിരി എന്നയാളുടെ 3സെന്റ് സ്ഥലം ഗ്രാമപഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നത് സംബന്ധിച്ച തീരുമാനം |
| 7 | 20-2-19ലെ6(1) നം തീരുമാനം | മാലക്കുന്ന് കുടിവെള്ളപദ്ധതി-ടാങ്ക് നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച തീരുമാനം |

തുടർ നടപടികൾ സ്വീകരിച്ചതിന്റെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 12/2.9.2019) മറുപടി ലഭ്യമായില്ല. കമ്മറ്റികളിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കേണ്ടത് സെക്രട്ടറിയുടെ ചുമതലയിൽപ്പെടുന്ന നടപടിയാണ്. പ്രസ്തുത നടപടികൾ പാലിക്കുന്നതിൽ വീഴ്ച വരുത്താതിരിക്കേണ്ടതും തീരുമാനങ്ങൾ നടപ്പാക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കേണ്ടതുമാണ്.

# 1-23 പൊതുടാപ്പുകളുടെ വെള്ളക്കരം- പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിൽ അവ്യക്തത

ഗ്രാമപഞ്ചായത്തിൽ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 127ടാപ്പുകൾക്ക് പ്രതിമാസം 55563/- രൂപ നിരക്കിൽ വെള്ളക്കരം ഒടുക്കി വരുന്നു. 2018-19 വർഷം വെള്ളക്കരമിനത്തിൽ 6,66,756/- രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിയിരുന്നു. എന്നാൽ പ്രവർത്തനക്ഷമതയുള്ള പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 20) മറുപടിയായി പഞ്ചായത്ത് കമ്മറ്റിയുടെ 04-04-19ലെ 4(1) നമ്പരായി നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും ഭീമമായ ബിൽ തുക അടയ്ക്കേണ്ടി വരുന്നുണ്ട് എന്നും പല ടാപ്പുകളിലും

ജലലഭ്യത ഇല്ലാത്തതിനാൽ പഞ്ചായത്തും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിന് തീരുമാനമെടുത്തിരുന്നുവെന്നും ആയത് പ്രകാരം വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയിരുന്നതായും അറിയിച്ചു. കൂടാതെ വാട്ടർ അതോറിറ്റിയിൽ നിന്നും തുടർ നടപടി ഉണ്ടായില്ലായെന്നും അറിയിക്കുകയുണ്ടായി. ആവശ്യമായ നടപടികളുടെ അപര്യാപ്തത ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താൽപര്യത്തിന് വിരുദ്ധമായി ഭവിക്കുന്നു. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ ഭാഗത്ത് നിന്ന് സഹകരണമില്ലായെന്ന വാദഗതി ഗ്രാമപഞ്ചായത്തധികൃതർക്ക് ഉയർത്താവുന്നതല്ല. അപാകത തുടരുന്നതായി കാണുന്നപക്ഷം ഈയിനത്തിലുണ്ടാകുന്ന അധികചെലവ് കണക്കാക്കി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ സംയുക്തപരിശോധനയ്ക്ക് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

## 1-24 കരാർ ജീവനക്കാർക്ക് ലീവ് സറണ്ടർ- സേവനപുസ്തകം പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ എംജിഎൻആർഇജിഎസ് കരാർ ജീവനക്കാരായ ശ്രീ രാജേഷ് കുമാർ.കെ. ഓവർസിയർ, ശ്രീമതി.ഹുദാമോൾ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർക്കും കരാർ ജീവനക്കാരനായ ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. ടിജോയ്ക്കും 15 ദിവസത്തെ ലീവ് സറണ്ടർ അനുവദിച്ച് നൽകിയിരുന്നു. കെ.എസ്.ആർ. ഭാഗം1 അനുബന്ധം 8 ചട്ടം 1പ്രകാരം കരാർ ജീവനക്കാർക്ക് 15 ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിലും എംഎൻആർഇജിഎസ് ജീവനക്കാർക്ക് 11ദിവസത്തെ ഡ്യൂട്ടിക്ക് ഒന്ന് എന്ന നിരക്കിലും ഒരു വർഷം പരമാവധി 15 ആർജ്ജിതാവധിയ്ക്കാണ് അർഹതയുണ്ടാവുന്നത്. എന്നാൽ ടി ജീവനക്കാർക്ക് സേവനപുസ്തകം തയ്യാറാക്കി മറ്റ് അവധികൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. സേവനപുസ്തകം തയ്യാറാക്കി ലീവ് അക്കൗണ്ട്, സറണ്ടർ ചെയ്തതിന്റെ വിവരങ്ങൾ, ആർജ്ജിതാവധി എടുത്തതിന്റെ വിവരം എന്നിവ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതും പരിശോധനക്ക് വിധേയമാക്കേണ്ടതുമാണ്.

## 1-25 ഗ്രാമലക്ഷമി മുദ്രാലയത്തിന് തുക നൽകി- രജിസ്റ്ററുകളും ഫോമുകളും പൂർണ്ണമായും ലഭിച്ചില്ല

ഗ്രാമപഞ്ചായത്തിന് ആവശ്യമായ രജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കുന്നതിനായി വൗച്ചർ

നം 21800140/1-6-18 പ്രകാരം 73,688/-രൂപ അടച്ചതിൽ 7-6-2018 ലെ ഇൻവോയിസ് പ്രകാരം 33886/- രൂപയുടെ രജിസ്റ്ററുകളും ഫോമുകളും ലഭിച്ചതായി കാണുന്നു. കൂടാതെ വൗച്ചർ നം 21800542/22-10-18 പ്രകാരം 88402/- രൂപയും ഗ്രാമലക്ഷമി മുദ്രാലയത്തിന് നൽകിയതിൽ 63925/- രൂപയുടെ രജിസ്റ്ററുകളും ലഭിച്ചിരുന്നു. ടി രണ്ടു തുകകളുടെയും ലഭിക്കാനുള്ള ബാലൻസ് തുകയായ 39802+24477=64279/- രൂപയുടെയും ഇന്റന്റ് പ്രകാരമുള്ള രജിസ്റ്ററുകളും ഫോമുകളും ലഭ്യമായിട്ടുണ്ടെങ്കിൽ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20)മറുപടി ലഭ്യമായില്ല. 64279/- രൂപയ്ക്കുള്ള രജിസ്റ്ററുകളും ഫോമുകളും ലഭ്യമാക്കുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലഭ്യമാകാത്ത ഫോമുകളുടെയും രജിസ്റ്ററുകളുടെയും വിലയായ 64279/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-26 പള്ളിക്കുന്ന് കുടിവെള്ളടാങ്ക് നവീകരണം -സെന്റേജ് ചാർജ്ജിനത്തിൽ അധികതുക അടവാക്കി

| | |
|---|---|
| പ്രോജക്ട് നം. | 185/19 |
| അടങ്കൽ | 8,50,000/-(CFC) |
| ചെലവ് | 8,50,000/-(Bill No 41/27-3-19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

1) സർക്കാർ ഉത്തരവ് നം 1345/2018/തസ്വഭവ തീയതി 15-5-18 പ്രകാരം പ്രസ്തുത പദ്ധതി ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് വികസനഫണ്ട് ഉപയോഗിക്കുവാൻ അനുമതി നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 14-3-19ൽ ലഭിച്ച AB1-5109/2019 നം കത്ത് പ്രകാരം 9.10ലക്ഷം രൂപ താഴെപറയുന്ന പ്രകാരം ഡെപ്പോസിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകി.

| | |
|---|---|
| App A-Working charge | 7,39,515.44 |
| AppB-Cost of material | 37,017.60 |
| Soil Investigation charge | 50,000 |
| Centage 10% | 82653.30 |
| Unforeseen | 813.66 |
| Total | 9,10,000/- |

പള്ളിക്കുന്ന് കുടിവെള്ളപദ്ധതിയുടെ ഭാഗമായി നിലവിലുള്ള പഴയടാങ്ക് പൊളിച്ചുമാറ്റി 20000L കപ്പാസിറ്റിയുള്ള പുതിയടാങ്ക് നിർമ്മിക്കുന്നതിനായിരുന്ന പ്രോജക്റ്റ് തയ്യാറാക്കിയിരുന്നത്. മണ്ണുപരിശോധന നടത്തുന്നതിനായി RIT പാമ്പാടിയ്ക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് 50000/-രൂപ (ബിൽ നം23/23-1-19) ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. തൻമൂലം ടി തുക കുറവ് ചെയ്ത് 8,60,000/-രൂപ (910000-50000) ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയുണ്ടായി. ഇതിൽ 60000/-രൂപ 2019-20 വർഷത്തെ പ്രോജക്റ്റ് പ്രകാരമാണ് നൽകിയത്. എന്നാൽ സെന്റേജ് ചാർജ്ജ് നൽകിയതിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് നൽകിയ 50,000/-രൂപ കുറവ് ചെയ്യാതെ മുഴുവൻ തുകയും ഉൾപ്പെടുത്തിയാണ് നൽകിയത്. കൂടാതെ സർക്കാർ ഉത്തരവ്(പി) നം 311/2014/ഫിൻ. തീയതി 30-7-14 പ്രകാരം വാട്ടർ അതോറിറ്റി ഉൾപ്പടെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്ക് 1കോടി രൂപ വരെ അടങ്കൽ വരുന്ന പ്രോജക്റ്റുകൾക്ക് നൽകാവുന്ന സെന്റേജ് ചാർജ്ജ് 8%തുകയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 10% തുകയാണ് നൽകിയത്.

| | |
|---|---|
| നൽകാവുന്ന തുക | 8% of (739515.44+37017.60) =62123 |
| നൽകിയ തുക | 10% of (739515.44+37017.60+50000) =82653.30 |
| അധികം | 20530/- |

സെന്റേജ് ചാർജ്ജിനത്തിൽ അധികമായി 20530/-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 15/2.9.2019) മറുപടി ലഭ്യമായില്ല. സെന്റേജ് ചാർജ്ജിനത്തിൽ അധികം നൽകിയ 20530/-രൂപ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

2) വാട്ടർ അതോറിറ്റി നൽകിയത് റഫ് കോസ്റ്റ്എസ്റ്റിമേറ്റ് മാത്രമാണ്. സാങ്കേതികാനുമതി ലഭിച്ച ഡീറ്റെയിൽഡ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലായിരുന്നു തുക നിക്ഷേപിക്കേണ്ടിയിരുന്നത്. ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിരുന്നുമില്ല. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമേ തുക നിക്ഷേപിക്കാവൂ എന്നിരിക്കെ നടപടിക്രമങ്ങൾ പാലിക്കാതെ നൽകിയ എസ്റ്റിമേറ്റ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച നടപടി ക്രമപ്രകാരമല്ല.

3) പ്രസ്തുത പ്രോജക്റ്റിന്റെ പൂർത്തീകരണം സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി കരാർ വച്ചിരുന്നില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ നിലനിൽക്കുന്നതിനാലും പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഈയിനത്തിൽ തൻവർഷം ചെലവഴിച്ച 8,50,000/- രൂപയിൽ നിരാകരിച്ച 20530/- രൂപ കിഴിച്ച് 829470/-രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയ്ക്ക് അധികം നൽകിയ തുക ഈടാക്കി വിവരം അറിയിക്കേണ്ടതും പ്രവൃത്തി പൂർത്തീകരിച്ച വിവരം ബന്ധപ്പെട്ട മോണിറ്ററിംഗ് സമിതി റിപ്പോർട്ട് സഹിതം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

# 1-27 ഖരമാലിന്യ സംസ്കരണത്തിനായുള്ള പ്രോജക്ടുകൾ, അംഗീകാരം ലഭിച്ചിട്ടും നടപ്പാക്കിയില്ല

ഓഡിറ്റുവർഷം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്.

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 162/19 | വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകൽ (ഹരിതകർമ്മസേന) | 200000 | ------ |
| 166/19 | പൊതു സ്ഥലങ്ങളിൽ വേസ്റ്റ് ബിൻ | 50000 | ------- |
| 272/19 | അംഗൻവാടികൾക്കും എൽ.പി.സ്കൂളുകൾക്കും മാലിന്യ സംസ്കരണത്തിന് റിംഗ് കംപോസ്റ്റ് | 100000 | --------- |
| 273/19 | സ്വകാര്യ ഉടമസ്ഥതയിലുള്ള ഓഡിറ്റോറിയങ്ങളിൽ മാലിന്യ സംസ്കരണസംവിധാനങ്ങൾ ഒരുക്കുന്നതിന് സബ്സിഡി നൽകൽ | 500000 | -------- |

സ.ഉ.(കൈ)നം 11/2018 തസ്വഭവ തിരു. തീയതി 29.01.2018 ലെ ഖണ്ഡിക 7.1 പ്രകാരം നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ച ഹരിതകേരളം മിഷന്റെ നാല് ദൗത്യങ്ങളിലൊന്നായ ശുചിത്വമാലിന്യസംസ്കരണം ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യചുമതലയാണ്. ടി ദൗത്യവുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് ഖണ്ഡികയിൽ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ വാർഷികകണക്കുപ്രകാരം മാലിന്യ നിർമ്മാർജ്ജനത്തിനായി വിവിധ എജൻസികളിൽ നിന്നും ലഭിച്ച തുകയിൽ (മുൻ വർഷങ്ങളിലേതുൾപ്പെടെ) ഓഡിറ്റുവർഷം അവശേഷിയ്ക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| എജൻസി | അവശേഷിയ്ക്കുന്ന തുക |
|---|---|
| സമ്പൂർണ്ണ ശുചിത്വ യജ്ഞം (റ്റി.എസ്.സി) | 8,33,292 |
| ഖരമാലിന്യ സംസ്കരണം | 5,00,000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 2,86,280 |
| ആകെ | 16,19,572 |

ഫണ്ട് ലഭ്യമായിരുന്നിട്ടും ഓഡിറ്റുവർഷം മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് മേൽ സൂചിത പ്രോജക്ടുകൾ നടപ്പാക്കാത്തതിന് നൽകിയ വിശദീകരണം അംഗീകരിയ്ക്കാവുന്നതല്ല. (ഓഡിറ്റ് അന്വേഷണക്കുറിപ്പ്-13/ 2.9.2019)

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള ഹരിതകേരളം വികസന മിഷന്റെ ഉപദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വമാലിന്യ സംസ്കരണം. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.07.2017 തീയതിയിലെ സ.ഉ. (എം.എസ്) 2420/17/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖ പ്രകാരമാണ് മാലിന്യ സംസ്കരണ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 ൽ നടപ്പക്കേണ്ടിയിരുന്ന ഖരമാലിന്യനിർമ്മാർജ്ജന പദ്ധതികളുടെ പ്രാഥമിക ഘട്ടം മാത്രമെ 2019-20ൽ ആരംഭിച്ചിട്ടുള്ളൂ. ആയതുമായി ബന്ധപ്പെട്ട ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിലുണ്ടായ വീഴ്ചമൂലം താഴെപറയുന്ന അപാകതകൾ നിലനിൽക്കുന്നു.

1. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന രൂപീകരിച്ചില്ല. ഹരിത കർമ്മ സേനയിലേക്ക് അപേക്ഷ ക്ഷണിച്ച്, അപേക്ഷകരിൽ നിന്നു താത്പര്യപത്രം വാങ്ങി, ഹരിതകർമ്മ സേനയുമായി കരാറിലേർപ്പെടേണ്ടതാണ്. മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതും ആസൂത്രണത്തിലെ പിഴവും എം.സി.എഫ് സ്ഥാപിക്കാത്തതും പരാജയപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

2. ആവശ്യകതാ നിർണ്ണയ സർവ്വെ നടത്തി ജൈവ മാലിന്യ സംസ്കരണത്തിന് മുഴുവൻ വീടുകളിലും ഉടമയുടെ സ്വന്തം ചെലവിൽ ജൈവ മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും സർവ്വെ പ്രകാരം ശേഖരിച്ച ഡാറ്റ വിശകലനം ചെയ്ത് ഹരിതകർമ്മസേനയുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിനുതകും വിധം വിവിധ വിഭാഗങ്ങളുടെ യൂസർഫീ നിരക്കുകൾ നിശ്ചയിക്കേണ്ടതാണ്.

3. ഹരിത കേരള മിഷൻ അംഗീകരിച്ച ഒരു സ്ഥാപനത്തിനെ പഞ്ചായത്ത് ഹരിതസഹായ സ്ഥാപനമായി തെരഞ്ഞെടുക്കേണ്ടതും മാലിന്യ സർവ്വെ പ്രകാരം ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്ത് പ്രസ്തുത സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു പൂർണ്ണ പ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണ പ്രവർത്തന പദ്ധതിയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ നിർവ്വഹിക്കേണ്ടത്. പഞ്ചായത്ത് പരിധിയിൽ സൃഷ്ടിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, സ്വഭാവം, സ്രോതസ്സ് എന്നിവ സർവ്വെ നടത്തി തിട്ടപ്പെടുത്തിയിട്ടില്ല.

ഖരമാലിന്യങ്ങളുടെ സംസ്കരണത്തിനോ ജൈവമാലിന്യ സംസ്കരണത്തിനോ പഞ്ചായത്തിൽ നിലവിൽ സംവിധാനമില്ല. ആയത് മാലിന്യങ്ങൾ അശാസ്ത്രീയമായി കൈകാര്യം ചെയ്യപ്പെടുന്നതിലൂടെ ഗുരുതരമായ പാരിസ്ഥിതിക-ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. മാലിന്യ പരിപാലനത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിലുണ്ടായ വീഴ്ചയാണ് ഹരിതകർമ്മസേന രൂപീകരിക്കുന്നതിനും അജൈവ മാലിന്യ നിർമ്മാർജ്ജന പ്രക്രിയയിലെയും പരാജയത്തിന് കാരണമായിട്ടുള്ളത്. അടിയന്തിരമായി ഹരിതസഹായ സ്ഥാപനത്തെ തെരഞ്ഞെടുക്കേണ്ടതും ഹരിതസഹായ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ മാലിന്യ സർവ്വെ നടത്തി പൂർണ്ണപ്രവർത്തന പദ്ധതി തയ്യാറാക്കേണ്ടതുമാണ്. ഹരിത കർമ്മസേന രൂപീകരിക്കേണ്ടതും എം.ആർ.എഫ്, എം.സി.എഫ് എന്നിവ സ്ഥാപിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. എം.ആർ.എഫ്, എം.സി.എഫ് സെന്ററുകളെ കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നത് നിലവിലുള്ള ആശങ്കകൾ പരിഹരിച്ച് നൽകുന്നതിന് സഹായകമാവും. അപാകതകൾ പരിഹരിച്ച് അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ആരോഗ്യ വിദ്യാഭ്യാസ സമിതിയുടെ സത്വര ശ്രദ്ധ ടി വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

# 1-28 ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലെ റോഡ് പുനരുദ്ധാരണം- സർക്കാർ അനുമതി ലഭിച്ച് 3വർഷത്തിന് ശേഷവും നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിച്ചില്ല

വാകത്താനം ഗ്രാമപഞ്ചായത്ത് 15-ാം വാർഡിൽ വെട്ടിക്കുന്നേൽ പള്ളി-പോട്ടച്ചിറ റോഡ് പുനരുദ്ധാരണം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ എൻസി ഫ്ലഡ് പദ്ധതിയായി 2016-17ൽ ഉൾപ്പെടുത്തിയ പ്രോജക്റ്റായിരുന്നു. പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത റോഡിൽ നിന്നും 2194 മെട്രിക് ടൺ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് 18-05-2019 വരെ കോട്ടയം ജില്ലാ ജിയോളജിസ്റ്റ് അനുമതി നൽകിയിരുന്നതുമാണ്. ടി റോഡിൽ നിന്നും നീക്കം ചെയ്യുന്ന മണ്ണ്, കോട്ടയം ജില്ലാപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന കരിക്കണ്ടം കുരിശ്-പന്തീരുപാറ റോഡ് പുനരുദ്ധാരണം, വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന സമൃദ്ധമഠം-പടിയറ റോഡ് പുനരുദ്ധാരണം എന്നീ പ്രവൃത്തികൾക്ക് വിനിയോഗിക്കുന്നതിനു വേണ്ടിയാണ് എന്നും അറിയിച്ചിരുന്നു. എന്നാൽ പ്രസ്തുത റോഡിൽ നിന്നും മണ്ണെടുക്കുന്നതിന് വാകത്താനം ഗ്രാമപഞ്ചായത്ത് സെക്രട്ടറി എൻഒസി നൽകുന്നില്ലായെന്ന് കാണിച്ച് ഫാ.വി.എം.എബ്രഹാം, 15-ാം വാർഡ് മെമ്പർ എന്നിവർ ചേർന്ന് WP(C)No 33546/2018 ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ ന്യായവിധി പ്രകാരം മണ്ണ് നീക്കം ചെയ്യുന്നതിന് 1074m3 മണ്ണിന് 42994/-

റോയൽറ്റിയായി ഹർജിക്കാർ ഒടുക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഹർജിക്കാർ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് കോട്ടയം ജില്ലാട്രഷറിയിലേക്ക് ഒടുക്കിയിട്ടുണ്ട്.

നീക്കം ചെയ്യുന്ന മണ്ണിന് സീനിയറേജ് അടയ്ക്കണമെന്ന് ജില്ലാജിയോളജിസ്റ്റിന്റെ ആവശ്യവും 4-4-19ൽ ചങ്ങനാശ്ശേരി തഹസീൽദാർ ജില്ലാ ജിയോളജിസ്റ്റിന് നൽകിയ കത്തിൽ നീക്കം ചെയ്യുന്ന മണ്ണ് പ്രസ്തുത പഞ്ചായത്തിലെ തന്നെ മറ്റ് റോഡുകളുടെ വികസനത്തിനാണ് ഉപയോഗിക്കുന്നതെന്നതിനാൽ സീനിയറേജ് ആവശ്യമില്ലായെന്ന് അറിയിച്ചിട്ടുള്ളതും സീനിയറേജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് പ്രസ്തുത ഉദ്യോഗതലങ്ങളിലെ നിർദ്ദേശങ്ങളിലുള്ള അവ്യക്തത വെളിപ്പെടുത്തുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ, തഹസീൽദാർ എന്നിവരോട് സ്പഷ്ടീകരണം ആരാഞ്ഞതിൽ മണ്ണ് നീക്കം ചെയ്യുന്നതിന് പെർമിറ്റ് ആവശ്യമില്ലെങ്കിലും സീനിയറേജ് ഒടുക്കേണ്ടി വന്നാൽ ഒടുക്കണമെന്നും സീനിയറേജിൽ നിന്നും പഞ്ചായത്തിനെ ഒഴിവാക്കണമെങ്കിൽ സർക്കാർ തലത്തിൽ തീരുമാനമെടുക്കണമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഈ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ സീനിയറേജ് ഒടുക്കുന്നതിൽ നിന്നും ഗ്രാമപഞ്ചായത്തിനെ ഒഴിവാക്കണമെന്ന് പഞ്ചായത്ത് കമ്മറ്റി സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചിരുന്നു (തീരുമാനം നം 8(1)തീയതി27-5-19).

സീനിയറേജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട് അവ്യക്തത നിലനിൽക്കുന്നതിനാൽ പ്രസ്തുത റോഡ് നിർമ്മാണം പൂർത്തീകരിക്കാനാകാതെ അനിശ്ചിതത്വത്തിലാണ്. 2016-17 വർഷം അനുമതി ലഭിച്ച് വെള്ളപ്പൊക്കദുരിതാശ്വാസപദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച പ്രസ്തുത റോഡ് നിർമ്മാണത്തിന്റെ ഭരണാനുമതി കാലാവധി സ.ഉ.(സാധാ)117/2019/ DMD/ തീയതി 14-2-19 പ്രകാരം 6മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. കൂടാതെ ജില്ലാകളക്ടറുടെ 27-2-19 ലെ ഉത്തരവ് നം DCKTM/9283/18DM3 പ്രകാരം 13-08-2019 ന് മുൻപായി പ്രവൃത്തി പൂർത്തിയാക്കി പൂർണ്ണരൂപത്തിലുള്ള അന്തിമബില്ല് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. 15ലക്ഷം രൂപ ജില്ലാപഞ്ചായത്ത് വിഹിതവും 5ലക്ഷം വീതം ബ്ലോക്ക് പഞ്ചായത്ത്, എൻസി ഫ്ലഡ് പദ്ധതി പ്രകാരമുള്ള വിഹിതവും ഒരുലക്ഷം രൂപ ഗ്രാമപഞ്ചായത്ത് വിഹിതവുമുൾപ്പടെ 26 ലക്ഷം രൂപ വകയിരുത്തി തയ്യാറാക്കിയ 3റോഡുകളുടെ നിർമ്മാണജോലികൾ അനുമതി ലഭിച്ച് 3 വർഷത്തിന് ശേഷവും നടപ്പാക്കാൻ സാധിച്ചില്ലായെന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള അനാസ്ഥയായി കാണുന്നു. സർക്കാർ ദീർഘിപ്പിച്ച് നൽകിയ ഭരണാനുമതിയുടെ കാലാവധിയും കഴിഞ്ഞ സാഹചര്യത്തിൽ ടി പ്രവൃത്തി വീണ്ടും ചെയ്യുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. സർക്കാരിൽ നിന്നും പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുവാൻ ശ്രമങ്ങളുണ്ടാവേണ്ടതും നീക്കംചെയ്യുന്ന മണ്ണ് മേൽപറഞ്ഞ മറ്റ് രണ്ടു റോഡുകൾക്കായി വിനിയോഗിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതും സീനിയറേജ് ഒടുക്കുന്നതുമായി ബന്ധപ്പെട്ട അവ്യക്തത മാറ്റുന്നതിന് നടപടി സ്വീകരിച്ച് റോഡ് പുനരുദ്ധാരണപ്രവൃത്തികൾ

പൂർത്തിയാക്കുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങളുണ്ടാവേണ്ടതുമുണ്ട്. മേൽ വിഷയത്തിലേക്ക് ഭരണസമിതിയുടെ സജീവ ശ്രദ്ധക്ഷണിക്കുന്നു.

## 1-29 വയോജന ഗ്രാമസഭാസംഘാടനം-ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സംഘടിപ്പിച്ച വയോജന ഗ്രാമസഭാ ചെലവുകൾക്കായി താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം തുക ചെലവഴിച്ചിരുന്നു.

| | |
|---|---|
| വൗച്ചർ നം. 21800539/17-10-18<br>Rs 8000/- | 16 വാർഡുകളിൽ 500/- നിരക്കിൽ വാർഡുമെമ്പർമാർക്ക് നൽകിയിരുന്നു. 15-ാം വാർഡിലെ ഒഴികെയുള്ള വാർഡുകളിലെ ചെലവു സംബന്ധിച്ച ബില്ലുകൾ ഹാജരാക്കിയില്ല. |
| വൗച്ചർ നം 1821800542/22-10-18<br>Rs 11900/- | 170 പേർക്ക് ഉച്ചഭക്ഷണത്തിനായി ചെലവഴിച്ച തുക -ബിൽ ലഭ്യമാക്കിയിട്ടില്ല |
| ആകെ =19900/- | |

അനുബന്ധബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 20)മറുപടി ലഭ്യമായില്ല. ആയതിൽ ബന്ധപ്പെട്ട ചെലവ് രേഖകളുടെ അടിസ്ഥാനത്തിൽ ചെലവഴിച്ച 19900/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഹാജരാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ബാലസഭ പ്രവർത്തനങ്ങൾ - വിലയിരുത്തൽ

1. ഓഡിറ്റ് വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി വിഹിതത്തിൽ നിന്നും 21076 രൂപ ചെലവഴിച്ച് ബാലസഭ കുട്ടികൾക്ക് ഉല്ലാസ പഠനയാത്രയും സെമിനാറും നടത്തിയിട്ടുണ്ട് (പ്രോജക്ട് നം.173/2019) സ.ഉ(കൈ)നം.22/18/ത.സ്വ.ഭ.വ. തീയതി 14.02.2018 ഖണ്ഡിക 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ഉല്ലാസ പഠനയാത്രകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ടുപയോഗിച്ച് ഏറ്റെടുക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബാലസഭ കുട്ടികൾക്കായി നടത്തിയ ഉല്ലാസ പഠനയാത്ര ഫലപ്രദമായിരുന്നുവെന്ന് ഫയൽ പരിശോധനയിൽ നിന്നും

ബോദ്ധ്യമായിട്ടുണ്ട്. ഭാവിയിൽ ഇത്തരം പരിപാടികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖ കർശനമായി പാലിക്കേണ്ടതാണ്

2. കൂടാതെ ബാലസഭ പ്രവർത്തനവുമായി ബന്ധപ്പെട്ട കലണ്ടർ (നം-3266/k/2018/KSHO തീയതി 28.03.2018 സർക്കുലർ പ്രകാരം) തയ്യാറാക്കിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

കുടുംബശ്രീയുമായി ചേർന്ന് ബാല പാർലമെന്റ്, ബാല ലൈബ്രറി, ബാല കൃഷി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം എന്നിവ കൂടി സംഘടിപ്പിച്ച് ബാലസഭ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

# 1-31 വിവിധ നിക്ഷേപപ്രവൃത്തികൾക്ക് തുക നൽകൽ- പ്രവൃത്തികൾ പൂർത്തീകരിച്ചില്ല- തുടർ നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്റ്റുകൾ പ്രകാരം വിവിധ സർക്കാർ ഏജൻസികൾക്ക് നിക്ഷേപമായി തുക നൽകിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം & പേര് | നിക്ഷേപിച്ച തുക | അപാകതകൾ |
|---|---|---|
| 181/19 മാലക്കുന്ന് സാംസ്കാരിക നിലയത്തിന് കുടിവെള്ള സൗകര്യം | 80000/-<br>ബിൽ നം 10/14-8-18 | തുക നിക്ഷേപിച്ച ഭൂജലവകുപ്പുമായി കരാർ വച്ചിരുന്നില്ല. വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| 3/19 സ്ട്രീറ്റ് മെയിൻ വലിക്കൽ | 22,80,607/-<br>ബിൽ നം 15/14-8-18 | 1) KSEB കറുകച്ചാൽ സെക്ഷനിൽ നിക്ഷേപിച്ച 1,36,290/- രൂപയുടെ (9-ാം വാർഡിൽ 1050mലൈൻ വലിക്കൽ) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br>2)KSEBവാകത്താനം സെക്ഷനിൽ നിക്ഷേപിച്ച 17,56,637/- രൂപയുടെ എസ്റ്റിമേറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമായില്ല.<br>3)10-10-18 ൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി വാകത്താനം ഇലക്ട്രിക്കൽ സെക്ഷന് നൽകിയ കത്ത് പ്രകാരം 2017-18 വർഷം 38ലക്ഷം രൂപ KSEBയിൽ നിക്ഷേപിച്ചതായും |

| | | |
|---|---|---|
| | | നാളിതുവരെ യാതൊരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ലായെന്നും അറിയിച്ചിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിരുന്നുവെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 14) മറുപടി ലഭ്യമായില്ല. ടി പ്രവൃത്തിയും പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നു. |
| 183/19 പിഎംഎവൈ വിഹിതം | 30000/ ബിൽ നം. 24/23-1-19 | മാടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല. |
| ആകെ | 23,90,607/- | |

നിക്ഷേപപ്രവർത്തികൾ പൂർത്തീകരിക്കാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 23,90,607/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച ഭീമമായ തുകയ്ക്ക് അനുസൃതമായ പ്രവൃത്തികൾ ഏറ്റെടുത്ത് സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകേണ്ടതും എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച വിവരം മൂല്യനിർണ്ണയപത്രിക ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സഹിതം ലഭ്യമാക്കേണ്ടതുമാണ്.

# 1-32 ഇ-ടെൻഡർ-ടെൻഡർഫീസ് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിച്ചിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. 2018-19 വർഷം ഗ്രാമപഞ്ചായത്തിൽ ഇ-ടെൻഡർ മുഖേന നടപ്പാക്കിയ മരാമത്തുപ്രവൃത്തികളുടെ ടെൻഡർഫീസ് ഇനത്തിലുള്ള തുക സർക്കാർ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ ഇതിനായി തുടങ്ങിയിട്ടുള്ള പ്രത്യേക അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തൻവർഷം ടെൻഡർ ചെയ്ത വർക്കുകളുടെ ടെൻഡർഫീസിനത്തിൽ ഇപ്രകാരം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ/പേര് | ലഭിച്ച ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് (ജി.എസ്.ടി ഉൾപ്പെടെ) | ആകെ ഫീസ് |
|---|---|---|---|---|
| 1 | 196/18 കുടുംബശ്രീ കെട്ടിടത്തിന്റെ | 1 | 1610 | |

| | | | | |
|---|---|---|---|---|
| | രണ്ടാം ഘട്ട നിർമ്മാണം (വാർഡ്-xiii) | | | |
| 2 | 152/18 തൃക്കോതമംഗലം എൽ.പി.എസ്.നവീകരണം (വാർഡ്-iii) | 1 | 1370 | |
| 3 | 204/18 വിലങ്ങപ്പാറ- കുവക്കട റോഡ്, കലുങ്ക് നവീകരണം (വാർഡ്-xii&xiii) | 1 | 1060 | |
| | ആകെ | | 4040 | |

ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് എസ്ബിഐ -ൽ കറണ്ട് അക്കൗണ്ട് ആരംഭിച്ച് ടെൻഡർ ഫോം വിലയിനത്തിൽ 2018-19 വർഷം ലഭിക്കുവാനുള്ള 4040 രൂപയും മുൻവർഷങ്ങളിലെ ലഭ്യമാകാനുള്ള തുകയും കണക്കാക്കി എക്സി എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പുതുതായി എസ്ബിഐ യിലാരംഭിക്കുന്ന അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടെൻഡർ ഫീസ് പഞ്ചായത്തിന്റെ തനതുഫണ്ടിലേക്കും ജി.എസ്.റ്റി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്കും അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-33 ജലസേചനത്തിന് പെട്ടിയും പറയും- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ- ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നം | 188/2018-19 |
| പേര് | ജലസേചനത്തിന് പെട്ടിയും പറയും |
| അടങ്കൽ | 7,00,000 (ബ്ലോക്ക് വിഹിതം)<br>5,000 (തനത് ഫണ്ട്) |
| ചെലവ് | 7,00,000- ചെക്ക് നം. 2615990/21.12.2018<br>5,000 – ചെക്ക് നം. 0812789/21.12.2018<br>ആകെ- 7,05,000 |

രണ്ട് പാടശേഖരസമിതികൾക്ക് പെട്ടിയും പറയും മോട്ടോറും വാങ്ങി നൽകുന്നതിന് ആവിഷ്കരിച്ചതായിരുന്ന പ്രസ്തുത പ്രോജക്ട്. 30 എച്ച് പി യുടെയും 20 എച്ച് പി യുടെയും

പെട്ടിയും പറയും ഒരെണ്ണം വീതം വാങ്ങുന്നതിന് രണ്ട് ഇ-ടെൻഡർ ക്ഷണിച്ചതിൽ രണ്ടെണ്ണത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത മണ്ണാശ്ശേരിയിൽ ഫൗണ്ട്രിയെന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. 20 എച്ച് പിയുടെ പെട്ടിയും പറയും അനുബന്ധ ഉപകരണങ്ങളും കളപ്പുരക്കൽ കടവ് തെക്ക് വല്യേരിമേച്ചേരിച്ചാൽ പാടശേഖരസമിതി സെക്രട്ടറി 21.10.2018 ലും, 30 എച്ച് പിയുടെ പെട്ടി പറ, ഊട്ടുപുര പാടശേഖര നെല്ലുത്പാദക സമിതി സെക്രട്ടറി 01.10.2018 തീയതിയിലും കൈപ്പറ്റിയിട്ടുണ്ട്. 04.09.2019 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ കളപ്പുരക്കൽ കടവ് തെക്ക് വല്യേരിമേച്ചേരിച്ചാൽ പാടശേഖരസമിതിക്ക് നൽകിയ ഉപകരണം പാടശേഖരസമിതി സെക്രട്ടറിയുടെ വീട്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. വാടകയ്ക്ക് എടുത്ത പെട്ടിയും പറയും ഉപയോഗിച്ചുകൊണ്ടിരുന്നതിനാലാണ് ഗ്രമപഞ്ചായത്തിൽ നിന്നും അനുവദിച്ചത് സ്ഥാപിക്കാതിരുന്നതെന്നും അടുത്ത കൃഷിക്ക് ഇവ സ്ഥാപിക്കുമെന്നും പാടശേഖരസമിതി സെക്രട്ടറി അറിയിച്ചു. ഉപകരണങ്ങൾ സ്ഥാപിച്ചതിനുശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഊട്ടുപുര പാടശേഖര നെല്ലുത്പാദക സമിതിക്ക് നൽകിയ പെട്ടിയും പറയും സ്ഥാപിച്ചിട്ടുണ്ട്. സബ്സിഡി ധനസഹായം അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ (14.02.2018ലെ സ.ഉ(കൈ)22/2018/ ത.സ്വ.ഭ.വ ഉത്തരവ്) പ്രകാരം പെട്ടി, പറ, മോട്ടോർ എന്നിവയുടെ അറ്റകുറ്റപണി പാടശേഖര സമിതികൾ വഹിക്കണമെന്നാണ്. എന്നാൽ ഉപകരണങ്ങളുടെ തുടർപരിപാലനം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പാടശേഖരസമിതികളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രസ്തുത 2 ഇ-ടെൻഡറുകളിൽ 5 കരാറുകാർ പങ്കെടുത്തിട്ടുണ്ട്. എന്നാൽ ടെൻഡർ ഫീസ് (ഒരു ടെൻഡറിന് 2500 രൂപ ആകെ 12500 രൂപ) പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18) തുടർപരിപാലനം പാടശേഖരസമിതിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കരാർ ചമക്കുന്നതാണെന്നും ടെൻഡർ ഫീസ് തിരികെ ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിത അപാകതകൾ പരിഹരിക്കുന്നതുവരെ ആകെ 7,05,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-34 ഡിപ്പോസിറ്റ് ചെയ്ത മുഴുവൻ തുകക്കുള്ള മരുന്ന് ലഭിച്ചില്ല

മെഡിക്കൽ ഓഫീസർമാർ നിർവ്വഹണ ഉദ്യോഗസ്ഥരായി പഞ്ചായത്ത് വക ആയുർവ്വേദ ആശുപത്രിക്കും ഹോമിയോ ആശുപത്രിക്കും മരുന്നുവാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) വകയിരുത്തി പ്രോജക്ടുകൾ തയ്യാറാക്കുകയും തുക ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ തുക ചെലവഴിച്ച് പത്ത് മാസം കഴിഞ്ഞിട്ടും ചെലവഴിച്ച തുകക്കുള്ള മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട് നം/ | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| | പ്രോജക്ട്/മറ്റ് വിവരങ്ങൾ | |
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ<br>176/2019<br>നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ, ഹോമിയോ | ബിൽ നം. 01/5-9-18 പ്രകാരം 100000/- രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 55480/- രൂപക്കുള്ള മരുന്ന മാത്രമാണ് ലഭിച്ചത്. 44520/- രൂപക്കുള്ള മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല |
| 2 | ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ<br>175/2019<br>നിർവ്വഹണ ഉദ്യോഗസ്ഥ- മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ബിൽ നം.01/27-12-18 പ്രകാരം 350000/- രൂപ പിൻവലിച്ച് ഔഷധിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ 322773/- രൂപയ്ക്കുള്ള മരുന്ന മാത്രമാണ് ലഭിച്ചത്. 27227/- രൂപയ്ക്കുള്ള മരുന്ന് നാളിതു വരെ ലഭിച്ചിട്ടില്ല |

ആയുർവ്വേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിന് ചെലവഴിച്ച തുകയിൽ മരുന്ന് ലഭിക്കാനവശേഷിക്കുന്ന 27227/- രൂപയുടെയും ഹോമിയോ ആശുപത്രിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിന് ചെലവഴിച്ച തുകയിൽ മരുന്ന് ലഭിക്കാനവശേഷിക്കുന്ന 44520/- രൂപയുടെയും (ആകെ71747/-രൂപ) ചെലവുകൾ മരുന്നുകൾ ലഭിക്കുന്നതു വരെ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-35 മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, അനുബന്ധ സൗകര്യം- ഉപകരണങ്ങൾ മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ട് നം | 19/2018-19 |
| പേര് | മൃഗാശുപത്രിക്ക് കമ്പ്യൂട്ടർ, അനുബന്ധ സൗകര്യം |
| അടങ്കൽ | 41,000 (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |

| | |
|---|---|
| | 9,000 (തനത് ഫണ്ട്) |
| ചെലവ് | ബിൽ നം.11/21.03.2019 - 41,000<br><br>ചെക്ക് നം.6789633യ26.02.2019 – 3824<br><br>**ആകെ- 44,824** |

പ്രസ്തുത പ്രോജക്ക് പ്രകാരം ജി.ഒ(ആർ.റ്റി)25/2018/ഐ.റ്റി.ഡി, 01.02.2018 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാരിന്റെ കേന്ദ്രീകൃത ഇ-പ്രൊക്യൂർമെന്റ് പോർട്ടലായ www.cprcs.kerala.gov.in മുഖേന 1 ഡെസ്ക്ടോപ് കമ്പ്യൂട്ടർ, 1 യു പി എസ് (വിൻഡോസ് 10 പ്രോഫഷണൽ, ഇന്റൽ കോർ ഐ-3 7100 പ്രോസസർ, 4 ജി ബി ഡി ഡി ആർ-4 റാം, 1 റ്റി ബി ഹാർഡ് ഡിസ്ക്, 19.5 " മോണിട്ടർ, 600 വി എ യു പി എസ്) സപ്ലൈ ചെയ്യുന്നതിന് കെൽട്രോണിന് ഓർഡർ നൽകുകയും ഉത്തരവിലെ നിർദേശപ്രകാരം വിലയായ 44,824 രൂപ കേരള സ്റ്റേറ്റ് ഐ റ്റി മിഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കെൽട്രോണിന്റെ 25.04.2019 ലെ 4216/2019 നമ്പർ കത്ത് പ്രകാരം ഓർഡർ അനുസരിച്ചുള്ള ഉപകരണങ്ങൾ 45 ദിവസത്തിനകം വിതരണം ചെയ്യുന്നതാണെന്ന് അറിയിച്ചിരുന്നു. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെയും ആയത് സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശം ലഭ്യമാക്കിയിരുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16) 02.08.2019ൽ കമ്പ്യൂട്ടറും മോണിട്ടറും ലഭ്യമായെന്നും യു പി എസ് നാളിതുവരെ ലഭ്യമായിട്ടില്ലായെന്നും മുഴുവൻ ഉപകരണങ്ങളും യഥാർത്ഥ ബില്ലും ലഭ്യമാകാത്തതിനാലാണ് സ്റ്റോക്കിൽ ചേർക്കാതിരുന്നതെന്നും മറുപടി നൽകി. ഉപകരണങ്ങൾ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അതു വരെ 44,824 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-36 ആശ്രയ പദ്ധതി നടത്തിപ്പ്- അപാകതകൾ

2018-19 വർഷങ്ങളിലെ ആശ്രയ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

**1.) പദ്ധതി പ്രവർത്തന പുരോഗതി വിലയിരുത്തുന്നില്ല.** ആശ്രയ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിയിൽ നിക്ഷിപ്തമാണ്. ആശ്രയ പ്രോജക്ടിന്റെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അധ്യക്ഷനായ മേൽ സമിതിയിൽ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, സെക്രട്ടറി, മെഡിക്കൽ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ, സാമൂഹ്യ പ്രവർത്തകർ, സിഡിഎസ് ചുമതലയുള്ള അംഗം എന്നിവർ ഉണ്ടായിരിക്കേണ്ടതാണ്. ആശ്രയ പ്രവർത്തന പുരോഗതി വിലയിരുത്തൽ, പ്രോജക്ടിന്റെ ഗുണനിലവാരം പരിശോധിക്കൽ, വിവിധ സ്പോൺസർഷിപ്പുകൾ കണ്ടെത്തൽ തുടങ്ങിയവയാണ് സമിതിയുടെ ചുമതലകൾ. രണ്ടു മാസത്തിലൊരിക്കൽ നിർബ്ബന്ധമായും മേൽ കമ്മറ്റി

യോഗം ചേരേണ്ടതാണ്. കമ്മറ്റി ചേർന്ന് പദ്ധതി പ്രവർത്തന പുരോഗതി യഥാവിധി വിലയിരുത്തിയിട്ടില്ല.

**2)പ്ലാൻഫണ്ട് തുകകൾ പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിക്കുന്നു.**

**പ്രോജക്ട് നം -168/ 19**

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ പദ്ധതി പ്രകാരം വികസന ഫണ്ടിൽ നിന്നും 50000/ രൂപ പിൻവലിച്ച് കുടുംബശ്രീയുടെ കേരള ഗ്രാമീൺ ബാങ്കിലെ 4041410103നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചിട്ടില്ല. ചെലവ് ശതമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ സിഡിഎസ് അക്കൗണ്ടിലേക്ക് തുക മാറ്റുകയും തുടർ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ഓഡിറ്റ് വർഷമായിരുന്ന ആശ്രയ മൂന്നാംഘട്ടം (അഗതിരഹിത കേരളം) ആരംഭിക്കേണ്ടിയിരുന്നത്. എന്നാൽ പദ്ധതി അംഗീകാരം ലഭിച്ചത് 5/2019 തിലായിരുന്നു. 12914100/- രൂപ അടങ്കലുണ്ടായിരുന്ന പദ്ധതിയ്ക്ക് 94 കുടുംബങ്ങളെയാണ് തിരഞ്ഞെടുത്തത്. ചലഞ്ച് ഫണ്ട്, പദ്ധതി വിഹിതം, പലിശ എന്നിവയുൾപ്പെടെ 2560338 രൂപയാണ് കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. ആശ്രയ പദ്ധതി യുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും അവസാനിച്ചപ്പോൾ അക്കൗണ്ടിൽ പ്ലാൻ ഫണ്ടുൾപ്പെടെയുള്ള തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. 31.03.2019 ലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | അനുവദിച്ച തുക | | ചെലവഴിച്ച തുക | | ബാക്കി തുക (പലിശയുൾപ്പെടെ) | | |
|---|---|---|---|---|---|---|---|
| | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | പ്ലാൻ ഫണ്ട് | പലിശ |
| ഒന്നാം ഘട്ടം | 453625 | 279500 | 134140 | -------- | 321485 | 279500 | 187291 |
| രണ്ടാംഘട്ടം | 552370 | 2368742 | 389282 | 945600 | 163088 | 1423142 | 86197 |
| ആകെ | 1005995 | 2648242 | 521422 | 945600 | 484573 | 1702642 | 273488 |

ഒന്നും രണ്ടും ഘട്ടങ്ങൾ അവസാനിക്കുമ്പോൾ പ്ലാൻ ഫണ്ട് മാത്രം 1702642 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക ചെലവഴിക്കാത്തതിനും വികസനഫണ്ട് മുൻകൂർ പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 3/31.8.2019) ഗുണഭോക്താക്കൾ തുക വിനിയോഗിക്കുന്നതിൽ കാലതാമസം വരുത്തിയതതിനാലാണ് തുക വിനിയോഗിക്കാത്തതെന്നുള്ള മറുപടി അംഗീകരിക്കാനാവില്ല. സമൂഹത്തിൽ അവശതയനുഭവിക്കുന്നവർക്ക് വേണ്ടിയുള്ള പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ നിർവ്വഹണോദ്യോഗസ്ഥർ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. പ്ലാൻ ഫണ്ട് തുക മുൻകൂർ പിൻവലിച്ച് ദീർഘനാൾ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ച് പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കാത്ത നടപടി തെറ്റാണ്. ആവശ്യമായ ഫണ്ട് ലഭ്യമായിട്ടും ദരിദ്ര ജനവിഭാഗങ്ങളുടെ ക്ലേശഘടകങ്ങൾ പരിഹരിക്കാനാവശ്യമായ പ്രോജക്ടുകൾ നിർവഹിക്കാൻ കഴിയാത്ത അവസ്ഥ പരിഹാരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-37 ഓഡിറ്റ് വേളയിൽ പരിഹരിച്ച അപാകതകൾ

1. ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി/01-02-2012 നമ്പരായുള്ള കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം പിഴ കൂടാതെയും തുടർന്ന് 10 ദിവസത്തിനകം പി.എ.സി യുടെ 1% പിഴയോടു കൂടിയും കരാർ വക്കുന്നതിന് അനുവദിക്കാവുന്നതാണ്. എന്നാൽ 2017-18 ൽ കരാർ വച്ച് 2018-19 ൽ പ്രവൃത്തി പൂർത്തീകരിച്ച 3 പ്രവൃത്തികളിൽ മേൽപറഞ്ഞ സമയക്രമം പാലിച്ചിരുന്നില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് ഒരു പ്രവൃത്തിക്ക് ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാലാണ് സമയപരിധിക്കുള്ളിൽ കരാർ വക്കാൻ കഴിയാതിരുന്നതെന്ന് അറിയിച്ചു. മറ്റ് രണ്ട് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കി രസീത് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.

| തുക അടച്ച കരാറുകാരൻ | രസീത് നമ്പർ | തുക |
|---|---|---|
| ടോമി ദേവസ്യ | 119040103236/6-9-2019 | 10807/- |
| സാരക് മാത്യു | 119040103246/6-9-2019 | 2836/- |
| ആകെ | | 13643/- |

2.തൊഴിൽ നികുതി ഈടാക്കാനുള്ള സ്ഥാപനങ്ങളുടെ വിവരം ഓഡിറ്റ് അന്വേഷണകുറിപ്പിലൂടെ(5) അറിയിച്ചതിനെ തുടർന്ന് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും താഴെ പറയും പ്രകാരം തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

| തുക അടച്ച സ്ഥാപനം | രസീത് നമ്പർ | തുക |
|---|---|---|
| മുഴിപ്പാറ ഹോളോബ്രിക്സ് | 119040103171/4-9-2019 | 1018/- |
| | 119040103170/4-9-2019 | 1132/- |
| മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് | 119040103172/4-9-2019 | 954/- |
| ആകെ | | 3104/- |

നിയമാനുസൃതം ഈടാക്കേണ്ട തുകകൾ യഥാസമയം ഈടാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഈ റിപ്പോർട്ടിലെ ഭാഗം 1 ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ പരാമർശങ്ങളിന്മേൽ ഭരണതല നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമായ സംഗതികളിൽ ബാധകമായ നിയമവ്യവസ്ഥകൾ പ്രകാരമുള്ള റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

# 3-1 പള്ളിക്കുന്ന് കുടിവെള്ളടാങ്ക് നവീകരണം -സെന്റേജ് ചാർജ്ജ് അധികതുക അടവാക്കി

| | |
|---|---|
| പ്രോജക്ട് നം | 185/19 |
| അടങ്കൽ | 8,50,000/-(CFC) |
| ചെലവ് | 8,50,000/-(Bill No 41/27-3-19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

സർക്കാർ ഉത്തരവ് നം 1345/2018/തസ്വഭവ തീയതി 15-5-18 പ്രകാരം പ്രസ്തുത പദ്ധതിയ്ക്ക് ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് വികസനഫണ്ട് ഉപയോഗിക്കുവാൻ അനുമതി നൽകിയിരുന്നു. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 14-3-19ൽ ലഭിച്ച AB1-5109/2019 നം കത്ത് പ്രകാരം 9.10ലക്ഷം രൂപ താഴെപറയുന്ന പ്രകാരം ഡെപ്പോസിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകി.

| | |
|---|---|
| App A-Working charge | 7,39,515.44 |
| AppB-Cost of material | 37,017.60 |
| Soil Investigation charge | 50,000 |
| Centage 10% | 82653.30 |
| Unforeseen | 813.66 |
| Total | 9,10,000/- |

പള്ളിക്കുന്ന് കുടിവെള്ളപദ്ധതിയുടെ ഭാഗമായി നിലവിലുള്ള പഴയടാങ്ക് പൊളിച്ചുമാറ്റി 20000L കപ്പാസിറ്റിയുള്ള പുതിയടാങ്ക് നിർമ്മിക്കുന്നതിനായിരുന്നു പ്രോജക്ട് തയ്യാറാക്കിയിരുന്നത്. മണ്ണുപരിശോധന നടത്തുന്നതിനായി RIT പാമ്പാടിയ്ക്ക് ഗ്രാമപഞ്ചായത്ത് നേരിട്ട് 50000/-രൂപ (ബിൽ നം23/23-1-19) ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. തൻമൂലം ടി തുക കുറവ് ചെയ്ത് 8,60,000/-രൂപ (910000-50000)ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് നൽകുകയുണ്ടായി. ഇതിൽ 60000/-രൂപ 2019-20 വർഷത്തെ പ്രോജക്ട് പ്രകാരമാണ് നൽകിയത്. എന്നാൽ സെന്റേജ് ചാർജ്ജ്

നൽകിയതിൽ ഗ്രാമപഞ്ചായത്ത് നേരിട്ട് നൽകിയ 50,000/-രൂപ കുറവ് ചെയ്യാതെ മുഴുവൻ തുകയും ഉൾപ്പെടുത്തിയാണ് നൽകിയത്. കൂടാതെ സർക്കാർ ഉത്തരവ്(പി) നം 311/2014/Fin തീയതി 30-7-14 പ്രകാരം വാട്ടർ അതോറിറ്റി ഉൾപ്പടെയുള്ള സർക്കാർ വകുപ്പ്/ഏജൻസികൾക്ക് 1കോടി രൂപ വരെ അടങ്കൽ വരുന്ന പ്രോജക്ടുകൾക്ക് നൽകാവുന്ന സെൻ്റേജ് ചാർജ്ജ് 8%തുകയാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് 10% തുകയാണ് നൽകിയത്.

| | |
|---|---|
| നൽകാവുന്ന തുക | 8% of (739515.44+37017.60) =62123 |
| നൽകിയ തുക | 10%of(739515.44+37017.60+50000) =82653.30 |
| അധികം | 20530/- |

സെൻ്റേജ് ചാർജ്ജിനത്തിൽ അധികമായി 20530/-രൂപ വാട്ടർ അതോറിറ്റിയിൽ അടച്ചിട്ടുണ്ട്. വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല. സെൻ്റേജ് ചാർജ്ജിനത്തിൽ വാട്ടർ അതോറിറ്റിയിലേക്ക് അധികതുക നൽകിയതു മൂലമുള്ള അധികച്ചെലവിന് സെക്രട്ടറി ബാധ്യതപ്പെട്ടിരിക്കുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 24.5.2019 – 25.5.2019 | കെ.എസ്.എ. കെ.ടി.എം.പി7/ 756/2019 തീയതി 04.06.2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 08.11.2018 | 936230 | 12/19-ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 833495 | 102735 |
| ,, | 25.03.2019 | 300000 | 14/19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| **ആകെ** | | **1236230** | | **1133495** | **102735(*)** |
| ബ്ലോക്ക്പഞ്ചായത്ത്, മാടപ്പള്ളി | 11.01.2018 | 700000 | 188/19-ജലസേചനത്തിന് പെട്ടിയും പറയും | 700000 | 0 |
| | 29.09.2018 | 1400000 | 12/19-ലൈഫ് ഭവന നിർമ്മാണ പദ്ധതി (ജനറൽ) | 1400000 | 0 |
| ,, | 12.11.2018 | 200000 | 14/19- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | 0 |
| ,, | 28.01.2019 | 400000 | 260/19-വയോജനങ്ങൾക്ക് കട്ടിൽ | 152240 | 247760 |
| **ആകെ** | | **2700000** | | **2452240** | **247760(*)** |

**(*)** പ്രോജക്റ്റ് നം.12/18-19-ലൈഫ് ഭവന നിർമ്മാണ പദ്ധതി(ജനറൽ) ലെ ജില്ലാ പഞ്ചായത്ത് വിഹിതം ചെലവായ 23495 രൂപ തെറ്റായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം ശീർഷകത്തിലാണ് സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയത്. ആയതിനാൽ ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം

എന്നിവയുടെ നീക്കിയിരിപ്പുമായി 23495 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് വാർഷിക കണക്കിലെ അപാകതയായി ഖണ്ഡിക 1-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(03/19) | 2280607 | | 0 | 2280607 |
| വാട്ടർ അതോറിറ്റി | പള്ളിക്കുന്ന് കുടിവെള്ള ടാങ്ക് നവീകരണം (185/19) | 800000 | | 0 | 800000 |
| ഭൂഗർഭ ജല വകുപ്പ് | മാലക്കുന്ന് സാംസ്കാരിക നിലയത്തിന് കുടിവെള്ള സൗകര്യം(181/19) | 80000 | | | 80000 |
| **ആകെ** | | **3160607** | | - | **3160607** |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

# 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം

| | ഉത്തരവ് നമ്പർ/ | ലോൺ തുക | ലോൺ നിക്ഷേപിക്കുന്ന | വർഷാരംഭത്തിൽ | തൻവർഷം ലഭിച്ച | 2018-19 വർഷം | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|---|

| | തീയതി | | ബാങ്ക് അക്കൗണ്ട് നം. | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ലോൺ തുക | തിരിച്ചടച്ച തുക | ബാക്കി തുക |
|---|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി ഒ (എം.എസ്) 68/2018, 18.05.2018, ജി ഒ (എം.എസ്) 100/2018, 30.07.2018, കരാർ നം.04/18-19 | | കേരള ഗ്രാമീൺ ബാങ്ക്, 40614101018325 | 0 | 6707423 | 0 | 6707423 |
| E.M.S ഭവന വായ്പ | സ.ഉ.(ആർ.ടി) 823/10 ത.സ്വ.ഭ.വ, തീയതി. 11.3.10 | 16102500 | | 1842760 | 0 | 1009078 | 833682 |

# 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇല്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥാപനത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

ഇല്ല

# 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ചാർജ്/സർചാർജ് നടപടികളിലൂടെ തൻവർഷം തുക ഈടാക്കിയിട്ടില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 102482838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 75853803 |
| | | |

| | | |
|---|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 20530 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 4125827 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം:</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | | 20530 | തോമസ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി,സെക്രട്ടറിയുടെ അധികചുമതല |
| | ആകെ | 20530 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 39802 | ബീമ എം, സെക്രട്ടറി |
| | 24477 | എം.ജി ബിനോയ്, സെക്രട്ടറി |
| 1-26 | 829470 | തോമസ് സെബാസ്റ്റ്യൻ, അസിസ്റ്റന്റ് സെക്രട്ടറി (സെക്രട്ടറിയുടെ അധിക ചുമതല) |
| 1-29 | 19,900 | എം ജി ബിനോയ്, സെക്രട്ടറി |
| 1-31 | 23,90,607 | എം ജി ബിനോയ്, സെക്രട്ടറി |
| 1-33 | 7,05,000 | ബിന്ദു റ്റി, കൃഷി ഓഫീസർ |
| 1-34-1 | 44,520 | ബീന എബ്രഹാം, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-34-2 | 27,227 | അനി റ്റി പ്രകാശം, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 1-35 | 44,824 | ഡോ.കൃഷ്ണകിഷോർ, വെറ്ററിനറി സർജൻ |
| ആകെ | 4125827 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം :ഇല്ല</u>

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ: ഇല്ല</u>

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ:**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| തോമസ് സെബാസ്റ്റ്യൻ, | അസിസ്റ്റന്റ് സെക്രട്ടറി, (സെക്രട്ടറിയുടെ അധികച്ചുമതല) വാകത്താനം ഗ്രാമപഞ്ചായത്ത് | കളത്തിപറമ്പിൽ ഹൗസ്, തുരുത്തി പി.ഒ. ചങ്ങനാശ്ശേരി-686509 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1993-94 | എൽ എഫ് കെ പി8/388/96/11.1.10/ 8.3.10 | 9 |
| 1996-97 | എൽ.എഫ്.കെ.പി3/60/98/ 10.1.10/8.3.10 | 1 |
| 1997-98 ചെലവ് | എൽ.എഫ്.കെ.പി3/751/98/ 10.2.99/2.3.99 | |
| 01.04.98-30.6.98 (ജനകീയാസൂത്രണം) | പി8.482/00/16.11.2002. ചാർജ്/സർചാർജ്ജ് പ്രൊപ്പോസൽ അയച്ചത് | 9 |
| 1999-2000 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(5)2018/1.2.2018 | 2 |
| 2000-01, 2001-02 | കെ.എസ്.എ.കെ.റ്റി.എം പി10/അദാ.18. 186(2)2018/1.2.2018 | 7 |
| 1994-95, 1995-96 | പി8/888/08/ 31.3.2009/13.4.2009 | |
| 1998-99 | പി1/190/അദാ/22.2.2011 (ഭാഗം 3 ചെലവ് റിപ്പോർട്ട് നിലനിൽക്കുന്നു എന്ന പരാമർശം മാത്രമെ ഉള്ളൂ) | |
| 1998-99 (ചെലവ്) | പി8/994/00/05.01.2001/ 07.05.2002 | 17 |
| 2002-03 ഡി സി ബി | പി8- 123/08, 2.5.09/6.7.09 | 10 |
| 2002-03 | പി8/22/05/1.4.05 | 14 |
| 2003-04 | പി8/124/08/2.5.09, 6.7.09 | |
| 2005-06 | പി10/അദാ.18.186(6)2018/1.2.2018 | 7 |
| 2006-07 | കെ.എസ്.എ -കെ.ടി.എം. പി10/അദാ.18. 186(8)2018/1.2.2018 | 2 |
| 2007-08 | കെ.എസ്.എ-കെ.ടി.എം. പി10/അദാ.18. 186(7)2018/1.2.2018 | 6 |
| 2011-12 | കെ.എസ്.എ-കെ.ടി.എം.പി3/ 1201/13/ 20.3.16 | 4 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി3/1137/14/ 1.2.16 | 14 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി3/777/ 15/12.8.16 | 6 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി3/1848/16/ 17.2.2017 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി10/ 1879/17/ 22.1.2018 | 9 |
| 2016-17 | കെ.എസ്.എ-കെ.ടി.എം. പി10/ 1880/17/22.01.2018 | 19 |
| 2017-18 | കെ.എസ്.എ-കെ.ടി.എം. പി10/242/19, 06.03.2019 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം**

# <u>അനുബന്ധം -1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

**നം.കെ.എസ്.എ-കെ.ടി.എം.പി10-1396/19 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

**ഫോൺ: 04812564886**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**തീയതി:12.10.2019**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ **വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19** വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ** വാർഷിക

ധനകാര്യപത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**